# നക്ഷത്രമാല

എസ്. പൊന്നമ്മ

1581

MF
n-S

81566

# സങ്കല്പമേഖല

DISTRIBU·ING LIBRARY
No.................
KOTTA

(Malayalam)
Sankalpamekhala
Short Stories
By T. S. PONNAMMA
Kozhencherry
First Published August 1960
Printed at
Kerala Printing Works, Kallissery
Price Re. 0.75
Copyright
T. S. Ponnamma
Published by the Author
Distributors
NATIONAL BOOKSTALL
Kottayam Kerala State India

81566

# സങ്കല്പമേഖല

KOTTAYAM PUBLIC LIBRARY
KOTTAYAM.

ടി. എസ്. പൊന്നമ്മ

DISTRIBUTING LIBRARY
No. DM
5381
KOTT

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 0.75

ടി. എസ്. പൊന്നമ്മയുടെ

കൃതികൾ

ഹൃദയാഞ്ജലി

സങ്കല്പമേഖല

D10/60-61 1-1000

# കഥകൾ


| | |
|---|---|
| ഗായകൻ | 7 |
| നൂററിപ്പത്തു വെള്ളിയുടെ വലിപ്പം | 18 |
| പ്രേമവിവാഹം | 28 |
| ഭാഗ്യവാൻെറ കല്ലറ | 35 |
| സങ്കല്പമേഖല | 42 |


DISTRIBUTING LIBRARY
No.
KOTTA

81566

# ഗായകൻ

ആ പുൽത്തകിടിയിൽക്കൂടി അങ്ങനെ നടന്നുനടന്ന് പടന്നു പന്തലിച്ചുനിൽക്കുന്ന അരയാൽമരത്തിന്റെ സാന്ദ്ര ശീതളച്ഛായയയിൽ അവർ ചെന്നിരുന്നു. കിഴക്കുഭാഗത്തുള്ള വയലിൽ ഇടതിങ്ങി വളർന്നുനിൽക്കുന്ന പച്ച നെൽച്ചെടികളുടെ ഇടയിൽ, സാന്ധ്യസമീരണൻ ഒളിച്ചുകളിക്കുകയാണ്. ഉല്ലാസപ്രദമായ ആ ലീലയിൽ പങ്കുകൊള്ളുന്നതിനെന്നവണ്ണം ആ മൈതാനത്തിലുള്ള കരിമ്പനകളുടെ നീണ്ട നിഴലുകൾ വയലിലേക്ക് ആഞ്ഞിറങ്ങുന്നുണ്ട്. അങ്ങകലെക്കാണുന്ന നീലമലകളുടെ മുകളിൽ സായന്തന സൂര്യന്റെ കിരണനിരകൾ തട്ടി മേഘമാലകൾ കനക നിറംപൂണ്ടു പ്രശോഭിക്കുന്നു. ഇളംകാററിലിളകി ഇരുവശത്തേക്കും ചിതറിവീണ ചുരുളളകങ്ങൾ കരവല്ലരികളാൽ ഒതുക്കിവച്ചുകൊണ്ട് ആ കൊച്ചുവനദേവത—ഉഷ—കൊഞ്ചിക്കൊഞ്ചി മൊഴിയുകയാണ്—"നോക്കു ചേട്ടാ,(അളകങ്ങൾ തൊട്ടു കാണിച്ചുകൊണ്ട്) ഇന്ന് ഈ കുസൃതിക്കൂട്ടത്തിനു് ഒരു 'കൊട്ടു' കൊള്ളുത്തക്കവണ്ണമുള്ള പാട്ടുപാടണം; എന്റെ കണ്ണിലെല്ലാം വന്നു വീഴുന്നു, അസത്തുകൾ."

അവളുടെ ചേട്ടൻ മറുപടി ഒന്നും പറഞ്ഞില്ല. ഉഷ മെല്ലെ എഴുന്നേററു് സുദർശനന്റെ—അവളുടെ ചേട്ടന്റെ മുടിയിൽ തലോടിക്കൊണ്ടു പറഞ്ഞു.

"എന്തുനല്ല മുടി, ഇതു്. ഒരു വഴക്കുമില്ല. വളഞ്ഞു പുളഞ്ഞു കിടക്കുന്നു കഴുത്തുവരെ. പാവങ്ങൾ അനങ്ങുന്നു പോലുമില്ല. അല്ലേ, ചേട്ടാ?"

ഇതിനും ഉത്തരം ലഭിച്ചില്ല. അവൾ വീണ്ടും സുദർശനൻെറ സമീപത്തു വന്നിരുന്നു മുഖത്തേക്കുനോക്കി. ഒരിക്കലും കണ്ടിട്ടില്ലാത്തവിധം ഒരു ഭാവവ്യത്യാസം ആ കോമളവദനത്തിൽ നിഴലിച്ചിരുന്നതു് ഉഷ അത്ര ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. അവൾ സുദർശനൻെറ നാസികയ്ക്കുനേരെ തിരിഞ്ഞു.

"എന്തു നീളമുണ്ടു് ഈ മൂക്കിനു്! ഭാഗ്യമാണു്, അല്ലേ ചേട്ടാ? അമ്പോ! ചേട്ടൻെറ ഭാഗ്യമെല്ലാം ഉരുണ്ടുകൂടിയിരിക്കുകയാണു്, മൂക്കുപോലെ മുഖത്തു്." ഇത്രയും പറഞ്ഞു് ആ കുമാരി പൊട്ടിച്ചിരിച്ചു.

സുദർശനൻ തൻെറ ചിന്തകളിൽനിന്നു് ഉണർന്നു് ചോദിച്ചു: "എന്തു ചെയ്യുന്നു, കുമാരി?"

"ഓ, ഒന്നും ചെയ്യുന്നില്ല. ചേട്ടൻെറ ചുരുണ്ട മുടിയും നീണ്ട മൂക്കും വലിയ കണ്ണുകളുമൊക്കെയൊന്നു നോക്കിക്കാണുകയായിരുന്നു. നല്ല രസമുണ്ടു കണ്ടുകൊണ്ടിരിക്കാൻ."

"ആഹാ, അങ്ങനെയാണോ? എന്നാൽ ശരിയായി നോക്കിക്കൊള്ളൂ. അല്ലെങ്കിൽ പിന്നീടു് കാണാൻ തരപ്പെട്ടുമോ എന്നു് ആർക്കറിയാം?"

സുദർശനൻ പറഞ്ഞതു് ഉഷയ്ക്കു മനസ്സിലായില്ല. അവൾ സഹജമായ വിനോദത്തോടുകൂടിത്തന്നെ ചോദിച്ചു:

"അതെന്താ, ചേട്ടൻ മുഖം മൂടിക്കൊണ്ടു നടക്കുമോ? ഞങ്ങൾ കളിക്കുമ്പോഴത്തെപ്പോലെ. എന്നാൽ ഞാനപ്പോൾ ചേട്ടൻെറ കൈയിൽ ഒരു കയറുകെട്ടി വലിച്ചുകൊണ്ടു നടക്കും. പിന്നെയും ചേട്ടൻ പാടുമോ, പഴയതുപോലെ?"

സുദശ്നൻ ആലോചിച്ചതിനുശേഷം തന്നെ പറഞ്ഞു:

"പിന്നെയും പാടും; പഴയതുപോലെ പാടുമോ എന്നറിഞ്ഞുകൂടാ."

അഗാധചിന്തകനായ ആ ഗായകൻെറ ഇംഗിതം ഊഹിച്ചറിവാൻ ആ കൊച്ചുകുമാരിക്കു കഴിഞ്ഞില്ല. അവൾ

പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഓഹോ, നമ്മുടെ പക്ഷി കൂട്ടിൽ പാടുന്നതുപോലെ പാടും, അല്ലേ?"

"അതെ, അതു് തനിച്ചൊരിടത്താകുമ്പോൾ."

ഈ വിനോദം—ഇതിനെ വിനോദമായിട്ടു മാത്രമേ ഉഷ കരുതിയുള്ളു—തുടൎന്നുകൊണ്ടുപോകുവാൻ അവൾക്കു സമ്മതമില്ലായിരുന്നു. അവൾ എഴുന്നേറ്റു് വയൽവക്കത്തുകൂടി നടന്നുതുടങ്ങി. സുദൎശനനു് തന്റെ ചിന്തയിൽ മുഴുകുന്നതിനു് അതു് സഹായവുമായി.

എവിടെനിന്നോ ഏഴെട്ടു കൊല്ലംമുമ്പു വന്ന സുദർശനൻചേട്ടനുമൊന്നിച്ചു് പ്രകൃതിസുന്ദരങ്ങളായ പ്രദേശങ്ങളിൽ കാട്ടുരുവികളുടെ കളഗാനങ്ങൾ കേട്ടും, കാനനകുസുമങ്ങളുടെ സൗരഭ്യം ആസ്വദിച്ചും കുളിർകുല്യകളുടെ കുണുങ്ങിയോട്ടത്തിൽ ആനന്ദംപൂണ്ടും നടക്കുകയെന്നതു് ഉഷയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു നിത്യപരിപാടിയായിത്തീൎന്നിരിക്കയാണു്. സുദർശനനെപ്പററി അടുത്തും അകലെയും ഉള്ളവൎക്കു് ഒന്നും പറയാനില്ല. ആ യുവാവിനെ, ഒരിക്കൽ കണ്ടിട്ടുള്ളവൎക്കു്, ഒഴുകിയിറങ്ങി തോൾകളിൽ വിശ്രമിക്കുന്ന ആ ചുരുണ്ട മുടിയും, ഉയൎന്ന നെറ്റിയും, നീണ്ട നാസികയും, വിശാലനീലനയനങ്ങളും ആ ചുണ്ടുകളിൽ കളിയാടുന്ന ഭാവമയിയായ പുഞ്ചിരിയും മറക്കുക പ്രയാസമാണു്.

ബാല്യകാലത്തിൽത്തന്നെ മാതൃപിതൃപരിലാളനത്തിൽനിന്നു് വിധിയാൽ വഞ്ചിതനായ ഒരു നിരാശ്രയനായിരുന്നു സുദർശനൻ. ജീവിതത്തിനു് യാതൊരു ലക്ഷ്യവുമില്ലാതെ അലഞ്ഞുനടന്ന ആ ഗായകനു്, ഉഷയുടെ അച്ഛന്റെ കരുണാഭരിതമായ ഹൃദയം സ്വാഗതമരുളി. അങ്ങനെ ആ ബാലൻ ആ ഭവനത്തിലെ ഒരു അംഗമായി വളൎന്നു. ജന്മസിദ്ധമായ വാസനയെ സ്വപരിശ്രമംകൊണ്ടു പോഷിപ്പിച്ചു് വളരെ ചെറുപ്പത്തിൽത്തന്നെ സുദൎശനൻ ഒരു ഉത്തമഗായകനായിത്തീൎന്നു. അയാളുടെ ആദർശങ്ങൾ സാധാ

രണക്കാക്കു് അനുകരണയോഗ്യമല്ലതന്നെ. വല്ല നാടകത്തിലോ സിനിമായിലോ ചേൎന്നിരുന്നെങ്കിൽ സുദർശനനു് ഒരു കോടീശ്വരനായി കഴിയാമായിരുന്നു. പക്ഷേ, തൻെറ കല പണത്തിനുവേണ്ടി പരാധീനയാവുക! ഈ വിചാരം പോലും സുദൎശനനു് ഹൃദയഭേദകമായിത്തോന്നി. ധനസമ്പാദനം ലക്ഷ്യമാക്കിയാൽ തൻെറ ഉപാസനാമൂൎത്തിയിൽ പരിപൂൎണ്ണശ്രദ്ധ പതിപ്പിക്കാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.

ഉഷയുടെ വീട്ടിൽ സുദൎശനനു് വേണ്ടത്ര സ്വാതന്ത്ര്യമുണ്ടു്. എന്നാൽ ഈയിടെയായി ഏതോ ഒരു വിചാരം അദ്ദേഹത്തെ അലട്ടിത്തുടങ്ങിയിട്ടുണ്ടു്. സുദർശനൻ ചിലപ്പോൾ ചിന്തിക്കാറുണ്ടു്: 'ഉഷാകുമാരി! എന്തെന്നില്ലാത്ത ഒരു വാത്സല്യം എനിക്കവളോടു തോന്നുന്നുണ്ടു്. ഇനിയും കുറച്ചുകാലംകൂടി കഴിഞ്ഞാൽ അവളെവിട്ടുപോകാൻ കഴിയാതെവരും. മോശം! എൻെറ ഹൃദയം അങ്ങനെ അസ്വാതന്ത്ര്യമാകാനനുവദിച്ചുകൂടാ അതുകൊണ്ടു് ഉടനെതന്നെ വല്ലയിടത്തും പോകയാണു നല്ലതു്.'

ഇത്തരത്തിലുള്ള വിചാരങ്ങൾ ഉള്ളിൽ അലയടിക്കുമ്പോഴാണു് ഉഷ തൻെറ ചോദ്യങ്ങൾക്കു് ഉത്തരംപറയുവാൻ അയാളെ അലട്ടാറുള്ളതു്.

മാതാപിതാക്കന്മാരുടെ മരണത്തിനുശേഷം സുദൎശനനു് ലോകത്തിൽ എന്തിനോടെങ്കിലും താത്പര്യം തോന്നിയിട്ടുണ്ടെങ്കിൽ അതു് തൻെറ സന്തതസഹചാരിയായ ഒരു ഓടക്കുഴലിനോടുമാത്രമായിരുന്നു. എന്നാൽ ആ ഗായകൻെറ മഹത്തായ ഹൃദയസാമ്രാജ്യത്തെ കീഴടക്കിയ ഒരു കൊച്ചുമിടുക്കികൂടി ഇപ്പോഴുണ്ടായി, ഉഷ. അവൾക്കു് പത്തുപതിനൊന്നു വയസ്സു മാത്രമേ പ്രായമായിട്ടുള്ളു എങ്കിലും സുദൎശനൻെറ സഹവാസംകൊണ്ടു് അവളും ഇന്നൊരു നല്ല ഗായികയാണു്. ഉഷയൊന്നിച്ചാണു് സുദൎശനൻ സായന്തനസഞ്ചാരത്തിനിറങ്ങുന്നതു്. ഉഷയ്ക്കും അതു വളരെ

ഇഷ്ടമാണ്. ഏകസന്താനമായ ഉഷയുടെ ന്യായമായ ആഗ്ര ഹങ്ങൾ സാധിച്ചു കൊടുക്കുന്നതിൽ അച്ഛനും അമ്മയ്ക്കും വിസമ്മതവുമില്ല. ഏകാന്തസുന്ദരങ്ങളായ മലംപ്രദേശ ങ്ങളും, പൂഞ്ചോലകളുടെയുംമററും തീരഭൂമികളുമാണ് അവ രുടെ വിഹാരരംഗങ്ങൾ. സുദർശനൻ ഗാനമാലപിക്കും, തനിക്കു തൃപ്തിയാകുന്നതുവരെ. ആ ഓടക്കുഴൽ അരുണാ ധരങ്ങളോടടുപ്പിച്ചുവച്ച് നീണ്ടുമെലിഞ്ഞ കരാംഗുലികളി ളക്കി അദ്ദേഹം പാട്ടുപാടുമ്പോൾ ചുററുപാടും ഒരു അലൗ കികഭാവം പരന്നൊഴുകുമായിരുന്നു. ആ ഗാനതരംഗങ്ങൾ അന്തരീക്ഷത്തിൽ അലയടിച്ചുയന്നു പരക്കുമ്പോഴേക്കും അദ്ദേഹവും ഒരു ആനന്ദമൂർച്ഛയ്ക്കധീനനായിക്കഴിയും. ഇങ്ങ നെ ഒന്നു രണ്ടു മണിക്കൂർവരെ അദ്ദേഹം ചിലപ്പോൾ ഇരുന്നുപോകാറുണ്ട്. അന്നൊക്കെ വീട്ടിൽ തിരിച്ചെത്തു മ്പോൾ അച്ഛനുമമ്മയും ചോദിക്കും: "ഇത്ര വൈകുന്നതു വരെ നിങ്ങളെവിടെപ്പോയിരുന്നു കുഞ്ഞുങ്ങളെ?"

ഉഷ പറയും: "പാടിപ്പാടിത്തളന്നു് ചേട്ടനും ഓടക്കു ഴലും ഉറങ്ങുകയായിരുന്നു."

ഇതുകേട്ട് എല്ലാവരും ചിരിക്കും. ആ ഗായകൻെറ 'ഉറക്കം' അങ്ങനെ അവക്കു ചിരിക്കാനുള്ള വകയാണു്. ആഴിയും ആകാശവും മണ്ണും വിണ്ണും തമ്മിൽ തമ്മിൽ പുൽ കുവാനുതകുന്ന അപ്രമേയാനന്ദസന്ദായകമായ ആ ഗാന ത്തിനു് സന്തതസാക്ഷ്യം വഹിക്കുന്നതു് ഉഷയാണു്. ചില പ്പോൾ ഉഷയും സുദർശനനൊന്നിച്ചു പാടും. തൻെറ ഗാന ത്തിലും ജീവിതത്തിലും ഉന്മേഷത്തിൻെറ ഒളി വീശുന്ന ആ വാർമഴവില്ലിനെ വെടിഞ്ഞു മറഞ്ഞൊളിഞ്ഞു പോ കുക—അതു് ഓക്കുകൂടി വിഷമം. പക്ഷേ, ആ കലാകാ രൻ ഇങ്ങനെയുള്ള ഒരു വാത്സല്യബന്ധംകൊണ്ടുപോലും തൻെറ ഹൃദയത്തെ അസ്വതന്ത്രമാക്കുവാനിഷ്ടപ്പെട്ടില്ല. ഒരുപക്ഷേ, ഈ അസ്വാതന്ത്ര്യം തൻെറ ഉപാസ്യാമൂർത്തി യെ നീരസപ്പെടുത്തിയെങ്കിലോ?

സുദർശനൻ ചിന്താവിമുക്തനായപ്പോൾ ഉഷയെ വിളിച്ചു പറഞ്ഞു: "ഉഷേ, കുമാരിയൊന്നു പാടൂ, ചേട്ടനൊന്നു കേൾക്കട്ടെ. അല്ലെങ്കിൽ പിന്നെ ഇനിയും എന്നാണ് ആ മോഹനസ്വരം കേൾക്കുന്നതു്."

"ചേട്ടൻ എന്താണിങ്ങനെയൊക്കെ പറയുന്നതു്?"

"എങ്ങനെ?"

"എവിടെയോ പോകയാണെന്നു സൂചിപ്പിച്ചുകൊണ്ടു്."

"അതേ, പോകയില്ലെന്നാരറിഞ്ഞു?"

"ചേട്ടാ, നേരാണോ പറഞ്ഞതു്?" ഉഷ സുദർശനന്റെ കൈകൾ രണ്ടുംകൂടി കൂട്ടിപ്പിടിച്ചുകൊണ്ടു് ഗൗരവം നടിച്ചുകൊണ്ടു പറഞ്ഞു: "ഇങ്ങോട്ടൊന്നു നോക്കിക്കെ, എന്റെമുഖത്തു്."

സുദർശനൻ ആ മുഖത്തേക്കു നോക്കി. കൗമാരത്തിന്റെ കളങ്കരാഹിത്യം തെളിഞ്ഞുവിളങ്ങുന്ന കോമളവദനം. ഉഷ വീണ്ടും പറഞ്ഞു: "ചേട്ടൻ എന്റെ മുഖത്തുനോക്കിപ്പറയുമോ പോകുമെന്നു്?"

"ഞാൻ മുഖത്തു നോക്കിക്കൊണ്ടുതന്നെയാണു് പറയുന്നതു്. പോകുമെന്നു്—തീർച്ചയായും പോകുമെന്നു്."

സങ്കടം തുളുമ്പുന്ന സ്വരത്തിൽ അവൾ പറഞ്ഞു: "എന്നാൽ ഞാൻ ചേട്ടനോടു പിണങ്ങി."

"പോയാൽപ്പിന്നെ ഇണങ്ങിയാലെന്തു്, പിണങ്ങിയാലെന്തു്? തന്നെയല്ല, പിണങ്ങിയെങ്കിൽ പിന്നെ വെട്ടെന്നു പോകയും ചെയ്യാം."

ഉഷയ്ക്കു കോപംവന്നു. "ഇതെന്തു ചേട്ടാ, കൊച്ചു കുട്ടികളെപ്പോലെ കളിപറയുന്നതു്? പോകുമെന്നു പറഞ്ഞിട്ടല്ലേ ഞാൻ പിണങ്ങിയതു്. ഇതിനുമുമ്പൊരിക്കലെങ്കിലും ഞായങ്ങനെ പറഞ്ഞിട്ടുണ്ടോ? എന്നാൽ ഞാനിണങ്ങികഴിഞ്ഞു. ഇനിയുമൊരിക്കലും പോകരുതേ. പോയാൽ... ഞാൻ..."

അവൾക്കു പിന്നീടൊന്നും പറയാൻ ശക്തിയില്ലായിരുന്നു. "ഇനിയും ഒരിക്കലും പോകരുതേ...,പോയാൽ...,"

ഈ അപേക്ഷയ്ക്കു്—അപൂൎണ്ണമായ ഈ വാക്യത്തിനു്—സുദ ൎശനന്റെ ഹൃദയത്തിന്റെ ഏററവും നിഗൂഢമായ മൃദുല ഭാഗത്തേപ്പോലും സ്പർശിക്കുവാൻ കഴിഞ്ഞു. അയാളുടെ ഹൃദയം തുടിച്ചു. എങ്കിലും ധൈര്യമവലംബിച്ചുകൊണ്ടു പറഞ്ഞു: "കുമാരി എന്നെ തടയരുതു്. ചേട്ടനു് പോക തന്നെ വേണം."

"എന്നാൽ ഞാൻകൂടെ വരും."

"പാടില്ല."

"എന്തുകൊണ്ടു്?"

"എന്റെ മാർഗ്ഗം സുഗമമല്ലാത്തതുകൊണ്ടു്."

"എനിക്കുപോലും?"

വീണ്ടും 'ആ എനിക്കുപോലും' സുദശ്നന്റെ ഉള്ളിൽ ആഞ്ഞുതറച്ചു. താൻ പോകുന്ന മാർഗ്ഗത്തിൽക്കൂടെ ഉഷസ്സും വരാൻപാടില്ലെന്നോ? അദ്ദേഹം തന്നോടുതന്നെ ആ ചോദ്യം ആവൎത്തിച്ചാവൎത്തിച്ചു ചോദിച്ചു.

അദ്ദേഹം വീണ്ടും എന്തോ നിശ്ചയിച്ചുറച്ചു.

"അതെ, ഉഷസ്സുപോലും...എന്റെ പാത പിന്തുടരാതിരിക്കുന്നതുതന്നെ നല്ലതു്."

"ഒക്കുകില്ല, ഞാൻ അച്ഛനോടു പറയും, ചേട്ടനെ വിടരുതെന്നു്."

"ഞാൻ അച്ഛനോടു അനുവാദം വാങ്ങിക്കഴിഞ്ഞു."

"എന്നിട്ടു് അച്ഛൻ അനുവദിച്ചോ?"

"പോണമെന്നു പറഞ്ഞാൽപ്പിന്നെ അനുവദിക്കാതിരിക്കുന്നതെങ്ങനെ? നാളെ രാവിലെ ഞാൻ യാത്രപുറപ്പെടും."

"ഞാനും ചേട്ടന്റെ കൂടെത്തന്നെ വരും."

ഈ സംഭാഷണം ഇങ്ങനെ തുടൎന്നാൽ ഒരുപക്ഷേ തനിക്കു പോകാൻ കഴിയാതെ വന്നേക്കും എന്നു ഭയന്നു സുദശ്നൻ പറഞ്ഞു:

"ഉഷേ, നേരം വൈകുന്നു. ഒരു പാട്ടു പാടൂ. കേട്ടിട്ടു പോകണം."

"ചേട്ടൻ എന്നെകളിപ്പിക്കുകയാണു്," ഉഷ പറഞ്ഞു.

"ഉഷ പാടൂ; ആ കാര്യമങ്ങു മറന്നുകളയൂ."

"എന്നാൽ ചേട്ടൻകൂടി പാടണം."

"ആകട്ടെ, ഒരുമിച്ചു പാടാം. ഏതു പാട്ടാണു് ഉഷയ്ക്കിഷ്ടം?"

"അന്നു് ചേട്ടനെന്നെ പഠിപ്പിച്ചില്ലേ?—എൻെറ പേരുംമററുമുള്ളതു്?—"

"പ്രഭാതത്തെ വർണ്ണിച്ചുള്ളതോ?"

"അതു തന്നെ."

അവർ ആ സന്ധ്യാവേളയിൽ പ്രഭാതത്തെ വർണ്ണിച്ചുള്ള പാട്ടുപാടി. ഈ വൈരുദ്ധ്യത്തിലും അവർ ആനന്ദം കണ്ടെത്തി. പാടിപ്പാടി പാട്ടിലില്ലാത്തതും കൂടി ചേട്ടൻ പാടിത്തുടങ്ങിയപ്പോൾ ഉഷ പാട്ടുനിത്തി.

അവൾ പറഞ്ഞു: "ഈ ചേട്ടനു കിറുക്കുണ്ടോ?"

സുദശ്ശനനുണ്ടോ അതു കേൾക്കാൻപോകുന്നു! അദ്ദേഹം മഹാ 'കിറുക്കൻ'തന്നെ. തൻെറ ഗാനദേവതയെ ഉപാസിക്കുമ്പോൾ ആ ഗായകൻ മുഴുഭ്രാന്തനാണു്. സുദശ്ശനനു പരിതഃസ്ഥിതിയെപ്പററി ബോധമുണ്ടായപ്പോൾ ഉഷ ഇരുന്നു ചിരിക്കുകയായിരുന്നു.

അവർ എഴുനേററു് ആ പുത്തുകിടിയിറങ്ങി വയൽവരമ്പിലൂടെ വീട്ടിലേക്കു നടന്നു.

അന്നു രാത്രി സുദർശനൻ അല്പംപോലും ഉറങ്ങിയില്ല. തൻെറ ഭാവനയെ വികസിപ്പിച്ച ആ നാട്ടുന്പുറങ്ങൾ, മാതാപിതാക്കളില്ലാത്ത തനിക്കു് ഉഷയുടെ ഭവനത്തിൽ ലഭിച്ച സ്വീകരണം, സർവോപരി തൻെറ വാത്സല്യഭാജനമായ ആ കുമാരിയുടെ കളികളും കൊഞ്ചലുകളും. ഇവയൊക്കെ ഓത്തോത്തു് ശോകമൂകനായിത്തീന്ന സുദശ്ശനനെ നിദ്ര സമീപിച്ചതേയില്ല. എന്നാലും ദൃഢനിശ്ചയത്തിനു് ഭംഗംവരുത്തിക്കൂടല്ലോ.

പ്രകൃതിയിൽ പല പുതിയ പരിവത്തനങ്ങളും വരുത്തിക്കൊണ്ടു് വത്സരങ്ങൾ കടന്നുപോയി. ഇന്നു ഗായകനായ സുദർശനനെപ്പററി ആ ഗ്രാമത്തിനു് യാതൊരറിവുമില്ല.

ഉഷ ഇന്നു യൗവനസ്നാതയാണു്. അവളുടെ അനവദ്യമായ ആകാരസുഷമ മുന്നേതിനേക്കാൾ അധികം ആകഷകമായിത്തീന്നിട്ടുണ്ടു്. മകളെ വിവാഹംകഴിപ്പിച്ചയയ്ക്കുവാൻ അച്ഛനമ്മമാക്കു തിട്ടുക്കമായി. പക്ഷേ, മകളുടെ മനസ്സു മാററാൻ അവക്കു കഴിഞ്ഞില്ല. തനിക്കു വിവാഹം വേണ്ടെന്നു് അവൾ തീത്തുപറഞ്ഞു. അവളുടെ ഹൃദയം അപ്രാപ്യമായ ഏതോ ഒന്നിനെ ധ്യാനിച്ചുകൊണ്ടിരുന്നു. സങ്കല്പത്തിൽ സന്തോഷവും, അപ്രാപ്തിയിൽനൈരാശ്യവും, ആ നൈരാശ്യത്തിലും ആനന്ദവും അനുഭവിച്ചുകൊണ്ടു് അവൾ നാൾനയിച്ചു. അമേയമായ ആനന്ദത്തിൻെറയോ കൊടിയ വേദനയുടെയോ നിരന്തര പ്രവത്തനം അവളുടെ ശരീരപുഷ്ടിയെ കാന്തിതിന്നുകൊണ്ടിരുന്നു. ശരീരത്തിനു കാർശ്യവും കാന്തിയും കൂടിക്കൂടി വന്നു.

അച്ഛനും അമ്മയ്ക്കും അത്യധികം സങ്കടമുണ്ടായി. കുടുംബത്തിൻെറ നിലനില്പിനു് ഏകാധാരമായ മകൾ ഇങ്ങനെ ശാഠ്യംപിടിക്കുന്നതുകൊണ്ടു് അവക്കു കോപവും താപവും വളന്നു. പക്ഷേ, അവരുടെ കഴിവുകളെയും കടന്നുപോകുന്ന ദൃഢനിശ്ചയം ഉഷ ചെയ്തുകഴിഞ്ഞു.

ഉഷയുടെ ശരീരം തീരെ മെലിഞ്ഞുപോയി. മാതാപിതാക്കൾ അവളെ ചികിത്സിപ്പിക്കുന്നതിൽ ശ്രദ്ധാലുക്കളായി. വിദഗ്ദ്ധന്മാരായ പല ഡോക്ടന്മാർ രോഗവിവരമറിയാതെ ചികിത്സ നടത്തി പിന്മാറി. ആളുകളുടെ അഭിപ്രായത്തിൽ ഉഷയ്ക്കു രോഗം വളരെ വർദ്ധിച്ചിരിക്കുകയാണു്.

അന്നു പ്രഭാതമാകാറായി. ഉഷ ശയ്യയിൽ മയങ്ങിക്കിടക്കയാണു്. നിലത്തുവിരിച്ചിരിക്കുന്ന പുല്പപായിലി

രുന്നു് നിലവിളക്കിൻെറ വെളിച്ചത്തിൽ ഉഷയുടെ പിതാവു് ഭാഗവതം വായിക്കുന്നു. മാതാവും കരഞ്ഞുകൊണ്ടു് അടുത്തുതന്നെ ഉറക്കമിളച്ചിരിക്കുന്നുണ്ടു്. പെട്ടെന്നു് ഉഷ എന്തൊക്കെയോ പറഞ്ഞുതുടങ്ങി.

"ഹാ,—അതൊന്നുകൂടി ഒരു പ്രാവശ്യംകൂടി മാത്രം കേൾപ്പിക്കു."

"ഉഷേ!" മകൾ സ്വപ്നത്തിൽ വല്ലതും വിളിച്ചു പറയുകയാണെന്നു കരുതി അച്ഛൻ വിളിച്ചു.

"അച്ഛാ, എന്തുനല്ല സംഗീതം!"

"ആരു പാടുന്നു കുഞ്ഞേ? ഇവിടെ അച്ഛൻ വായിക്കുകയാണല്ലോ," അമ്മ പറഞ്ഞു.

"അങ്ങു ദൂരെ—ആ അരയാൽച്ചുവട്ടിൽ അച്ഛനും അമ്മയും കേൾക്കുന്നില്ലേ?—അമ്മേ, അച്ഛാ! ഞാനങ്ങോട്ടു പോകട്ടെ. ഇല്ല; ഞാൻ പോകുന്നില്ല. ഇങ്ങോട്ടുവരാമെങ്കിൽ ഞാനും—അച്ഛാ—ഹാ—വന്നു. അദ്ദേഹത്തെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരണമച്ഛാ."

അച്ഛൻ മൗനമവലംബിച്ചതേയുള്ളു. ഉഷ വീണ്ടും തുടന്നു:— "എൻെറ പൊന്നച്ഛനല്ലേ, മുററത്തോട്ടൊന്നിറങ്ങി അദ്ദേഹത്തെ ഇങ്ങോട്ടു സ്വീകരിച്ചു കൊണ്ടുവരണേ—വേഗം!

'എന്തെങ്കിലുമായിപ്പോകട്ടെ' എന്നു വിചാരിച്ചു് അച്ഛൻ മുററത്തിറങ്ങി നോക്കി. ഉഷ പറഞ്ഞതു സത്യമാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. പ്രഭാതത്തിനു മുമ്പുള്ള മങ്ങിയ വെളിച്ചത്തിൽ ഒരു യുവസന്യാസിയുടെ രൂപം അദ്ദേഹത്തിനു കാണാമായിരുന്നു. നീണ്ടു മെലിഞ്ഞ ശരീരം. മുഖത്തു് അലൗകികമായ ഒരു പ്രകാശം. കൈയിൽ ഒരു ഓടക്കുഴൽ. ആ ദിവ്യൻ ഉഷയുടെ അടുക്കലേക്കു് ആനയിക്കപ്പെട്ടു. ആ രംഗം തികച്ചും ശാന്തമായിരുന്നു.

"എൻെറ ആത്മാവു്—പൊള്ളുന്നു. ഒരു ഗീതം—വേഗം..." ഉഷയുടെ സ്വരം ഇങ്ങനെ കേട്ടപ്പോഴേക്കും ഒരു

മന്ദ്രമധുരമായ സംഗീതം ആ ഗൃഹത്തിന്റെ ബഹിരന്തർഭാഗങ്ങളിൽ ഒന്നുപോലെ പടൎന്നൊഴുകി. ആ ഗ്രാമപ്രദേശം ഭൂതകാലത്തിലേക്കു് ഉററു നോക്കുന്നതുപോലെ തോന്നി. സംശയമില്ല; അന്നത്തെ ആ രൂപം; ആ ഓടക്കുഴൽ; അതേ സംഗീതം! ഏഴെട്ടു വൎഷങ്ങൾക്കുശേഷം വീണ്ടും ആ പരിസരങ്ങൾ ആ ഓടക്കുഴലിൻെറ സംഗീതമാധുര്യം ആസ്വദിച്ചു.

ഉഷയുടെ ദാഹം ശമിച്ചു. അവളുടെ തുറന്നകണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു. ആ മുഖം അഭൗമമായ ആനന്ദത്തിൻെറയും ആത്മശാന്തിയുടെയും ആവാസരംഗമായി തെളിഞ്ഞു മിന്നി.

# നൂററിപ്പത്തു വെള്ളിയുടെ വലിപ്പം

എൻെറ ഹൃദയത്തിൽ ആനന്ദം തുളുമ്പിനിന്നു. ദിവസങ്ങൾ കഴിയുന്തോറും ഉൽക്കണ്ഠ വർദ്ധിച്ചുവന്നു. എൻെറ സുഹൃത്തു വരുന്നു. വിദൂരസ്ഥമായ മലയാനാട്ടിൽനിന്നു് എൻെറ ആത്മസുഹൃത്തു വരുന്നു. അതും സുദീർഘമായ അഞ്ചു സംവത്സരങ്ങൾകഴിഞ്ഞു്. എൻെറ സന്തോഷം എങ്ങനെ വെളിപ്പെടുത്തേണ്ടു എന്നുകൂടി എനിക്കറിഞ്ഞുകൂടാ.

അന്നക്കൊച്ചും ഞാനും വലിയകൂട്ടുകാരാണു്. ഞങ്ങൾ അയല്ക്കാരാണു്. അവളുടെ അപ്പച്ചൻ ഞങ്ങളുടെ വീട്ടിൽ വേലയ്ക്കു വരാറുണ്ടു്. മുററമടിക്കുന്നതും മററും അവളുടെ അമ്മയാണു്.

"രണ്ടും ഒരു കുഴീച്ചാവാന്നടക്കുവാ." അവളുടെ അമ്മ എൻെറ അമ്മയോടു പറയുന്നതു് പലപ്പോഴും ഞാൻ കേട്ടിട്ടുണ്ടു്.

"അതു നേരുതന്നെ. ഇങ്ങനെയൊരു കൂട്ടു് ഞാനെങ്ങും കണ്ടിട്ടില്ലേ." എൻെറ അമ്മയുടെ അഭിപ്രായമാണിതു്.

ഇങ്ങനെ വീട്ടുകാർക്കും നാട്ടുകാർക്കുമറിയാം ഞങ്ങളുടെ സൗഹൃദത്തെപ്പററി. കളിക്കുന്നതും കുളിക്കുന്നതും പഠിക്കുന്നതും ഭക്ഷണംകഴിക്കുന്നതും എല്ലാമൊരുമിച്ചു്. എന്തിനു്? അന്നൊക്കെ അന്നക്കൊച്ചു് ഉറങ്ങുന്നതുപോലും ഞങ്ങളുടെ വീട്ടിലായിരുന്നു. അന്നക്കൊച്ചിൻെറ ദാരിദ്ര്യസ്ഥിതി ഒരു ധനികകുമാരിയായ എന്നോടുള്ള അടുപ്പത്തിനു തടസ്സമായിരുന്നില്ല.

എൻെറ വീട്ടിലെ കാപ്പിയുടെയും ഊണിൻെറയുമെല്ലാം ഒരു പങ്കുണ്ടാവും അന്നക്കൊച്ചിനു്. എനിക്കതിൽ നിർബന്ധമുണ്ടു്. അമ്മയ്ക്കൊട്ടും എതിരില്ലതാനും. ഞങ്ങൾ ഒരുമിച്ചു വളന്നു.

വളന്നുവരുന്തോറും ഞങ്ങളുടെ സ്വാതന്ത്ര്യം കുറഞ്ഞുതുടങ്ങി. പെൺപിള്ളേരുടെ വളർച്ചയ്ക്കുള്ള ഒരു ദൃഷ്ട്യ

മാണതു്. ഇപ്പോൾ മിക്കസമയത്തും അന്നക്കൊച്ച് എന്നോടൊന്നിച്ച് ഉണ്ടായിരിക്കയില്ല. ഈ അസാന്നിദ്ധ്യത്തിലും ഞങ്ങളുടെ സ്നേഹബന്ധത്തിൻെറ ദാർഢ്യം വർദ്ധിച്ചതേയുള്ളു.

ഞങ്ങൾ യൗവനത്തിൻെറ പടിവാതില്ക്കൽ എത്തിയിരിക്കയാണു്. അന്നക്കൊച്ചിനൊരു കല്യാണാലോചന വന്നു.

അന്നക്കൊച്ചിൻെറ അമ്മ അന്നൊരിക്കൽ എൻെറ അമ്മയോടു പറഞ്ഞു:

"വല്യ വശമൊന്നുമില്ലാത്തോനാ മാത്തപ്പൻ. എന്നും വച്ച് കെട്ടിക്കാണ്ടിരുന്നാലെന്തോന്നു ചെയ്യാനാ? ചെറുക്കനേതാണ്ട് രണ്ടോ മൂന്നോ ക്ലാസ്സ് ഇംഗ്ലീഷ് പഠിച്ചിട്ടുണ്ട്. വല്ലോൻേറം പൊറകേ കേറിപ്പോയാലും നാഴിയരിക്കൊള്ളുവക കൊണ്ടുവരാനവനറിയാം. നാട്ടീന്നു് വെളിക്കെങ്ങാനും പോണാമെന്നാ അവൻേറം വിചാരം. ഏതായാലും അങ്ങനങ്ങു നടക്കട്ടെന്നാ അവടപ്പച്ചൻേറം ഇഷ്ടം. ആണ്! വിതിച്ചപോലെ നടക്കട്ടെ."

അന്നക്കൊച്ചും മാത്തപ്പനും തമ്മിലുള്ള കല്യാണം കഴിഞ്ഞു. രണ്ടുമാസം കഴിഞ്ഞപ്പോൾ വരൻ ഒരകന്ന ബന്ധുവിനോടുകൂടി മലയായിലേക്കു പോയി.

വിവാഹംകൊണ്ട് ഞങ്ങളുടെ കൂട്ടുകെട്ടിനു് അല്പമൊരുടവു് ഉണ്ടാകാതിരുന്നില്ല. എന്നാൽ മാത്തപ്പൻ പോയതിനുശേഷം ഞങ്ങൾ പഴയതുപോലെതന്നെ പെരുമാറി.

ദുർവ്വിധിയെന്നു തന്നെ പറയട്ടെ. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അന്നക്കൊച്ചും മലയായിലേക്കു യാത്രയായി.

അന്നത്തെ യാത്രപറച്ചിൽരംഗം ഞാനിന്നും ഓർമ്മിക്കുകയാണു്. അതോക്കുമ്പോൾ എൻെറ കണ്ണുകൾ താനേ നിറഞ്ഞുപോകുന്നു. ഒട്ടിച്ചേർന്നുപോയ രണ്ടു മൃദുല ഹൃദയങ്ങൾ. അവ അപ്രതീക്ഷിതമായി അടർത്തിയെറിയപ്പെട്ടുക!

മിടിച്ചുകൊണ്ടാണെങ്കിലും അട്ടത്തട്ടത്തു സ്ഥിതി ചെയ്യുവാൻപോലും അവസ്ഥവകാശമില്ല. പ്രകൃതിയുടെ ക്രൂരത!

ഇതറിഞ്ഞ നാൾമുതൽ അന്നക്കൊച്ചു കരഞ്ഞുതുടങ്ങി. എനിക്കാണെങ്കിൽ കണ്ണുതോന്നിട്ടൊരു നേരവുമില്ല. ഞങ്ങളുടെ കരച്ചിൽ—ഞങ്ങളുടെ ഹൃദയങ്ങളുടെ കരച്ചിൽ—ആ പരിസരങ്ങൾക്കു് ഒരു പറച്ചിലിനുപോലും കാരണമായി.

കാലം ഞങ്ങളുടെ കരച്ചിൽ കേട്ടില്ലെന്നു തോന്നുന്നു. കേട്ടെങ്കിൽത്തന്നെയും അത്ര വകവച്ചില്ല. അഥവാ, തിരിഞ്ഞുനിന്നു ചെവികൊട്ടക്കുക കാലത്തിൻെറ സ്വഭാവമല്ലല്ലോ. ഒടുവിൽ എൻെറ കൂട്ടുകാരിക്കു യാത്രപറഞ്ഞു പിരിയുവാനുള്ള സമയമായി. ഞാൻ ബോധംകെട്ടു വീണുപോയി.

അവൾക്കും ആ വേർപാടു് അത്യന്തം സങ്കടകരമായിരുന്നു. അവിടെ ചെന്നതിനു ശേഷവും ഏകദേശം ഒരു മാസത്തോളം അവൾ ഭക്ഷണംപോലും വേണ്ടതുപോലെ കഴിക്കയില്ലായിരുന്നെന്നും അന്നക്കൊച്ചിൻെറ ആദ്യത്തെ കത്തിൽനിന്നും മനസ്സിലായി.

അവൾ പോയതിൽപ്പിന്നെ ഞാനുറച്ചു—ഇനിയും എനിക്കു് ഒരു കൂട്ടുകാരിയും വേണ്ടെന്നു്. കൂട്ടുകാരിയുണ്ടെങ്കിൽത്തന്നെ അവളെ ഇതുപോലെ സ്നേഹിക്കയില്ലെന്നു്. അതിൽപ്പിന്നെ എനിക്കു് അതുപോലുള്ള കൂട്ടുകാരികൾ ഉണ്ടായിട്ടില്ല. അതിലെനിക്കു് അല്പംപോലും കുണ്ഠിതവുമില്ല. താല്ക്കാലികമായ വേർപാടിൽത്തന്നെയും അനന്തമായ സന്താപമാണുളവാക്കുന്നതെങ്കിൽ അത്തരം ബന്ധങ്ങളുടെ സംഖ്യ കുറഞ്ഞിരിക്കയല്ലേ നല്ലതു്?

ആദ്യമൊക്കെ നാലാഴ്ചകൂടുമ്പോൾ ഒരു കത്തുവീതം അവളിൽനിന്നും കിട്ടിയിരുന്നു. അവ ഞാനിന്നും അമൂല്യനിധികൾപോലെ കാത്തുസൂക്ഷിച്ചുവച്ചിട്ടുണ്ടു്, പെട്ടിയുടെ ഉള്ളറയിൽ. അവളുടെ ആഡംബരമില്ലാത്ത ഭാഷാശൈലി, അതിലൂടെ തെളിഞ്ഞുയരുന്ന, തേൻകിനിയുന്ന

ഓർമ്മകൾ. എന്നോടൊന്നിച്ചുള്ള ജീവിതം. മലയായിലെ പരിഷ്കാരത്തിനും പണത്തിനുമൊന്നുംതന്നെ എൻെറ സാന്നിദ്ധ്യത്തിൽനിന്നും ലഭിച്ചിട്ടുള്ള സന്തോഷം അവൾക്കു കൊടുക്കുവാൻ സാദ്ധ്യമല്ലെന്നു്. ഞാൻ അവളുടെ കത്തിലെ ഓരോ വരിയും, അല്ല, ഓരോ പദവും വീണ്ടും വീണ്ടും വായിക്കും; കാണാപ്പാഠമാക്കും.

നീളമേറിയ വർഷങ്ങൾ നാലഞ്ചു് ഇഴഞ്ഞിഴഞ്ഞു കടന്നുപോയി. ഇപ്പോൾ അന്നക്കൊച്ചിൻെറ കത്തുകളൊന്നും കിട്ടാറില്ല. എങ്കിലും അവളുടെ വിവരങ്ങൾ ഞാനറിയാറുണ്ടു്, ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യം അവളുടെ വീട്ടിൽവരുന്ന 'മൂന്നാലുവരി' കത്തുകളിൽനിന്നു്. ഇന്നു് എൻെറ സുഹൃത്തു് മൂന്നു പെൺകുഞ്ഞുങ്ങൾക്കു് അമ്മയാണു്.

എൻെറ ജീവിതത്തിലും ഈ നീണ്ട വത്സരങ്ങൾ പല മാററങ്ങളും വരുത്തിയിട്ടുണ്ടു്. ഞാനൊരു ഉദ്യോഗസ്ഥയാണു്, വിവാഹിതയുമാണു്. എൻെറ ഭർത്താവു് ഒരു എസ്റ്റേററുമാനേജരായി ജോലിനോക്കുന്നു. ഞങ്ങൾക്കു് ഒരു കൊച്ചു മകനുമുണ്ടു്.

അന്നക്കൊച്ചിൻെറ വീട്ടിൻെറ നടയിൽക്കൂടിയാണു് ഞാൻ എന്നും ആഫീസിൽ പോകുന്നതു്. ഒരു ദിവസം അവളുടെ അനുജത്തി മേരി പറഞ്ഞു: "അമ്മാമ്മ ഈയിടെ വരും."

"നേരുതന്നെയോ?" ഞാനുടനെ ചോദിച്ചു.

അടുത്തകാലത്തു് ഞാൻ കേട്ടതിൽവച്ചു് ഏററവും വലിയ സന്തോഷവാർത്തയായിരുന്നു അതു്.

അന്നക്കൊച്ചു്—എൻെറ പ്രിയപ്പെട്ട കൂട്ടുകാരി അന്നക്കൊച്ചു്—എൻെറ ജീവൻെറ ജീവനായി ഞാൻ കരുതിയിരുന്ന സ്നേഹിത—സൗഹൃദത്തിൻെറ നൈർമ്മല്യം എനിക്കു കാട്ടിത്തന്ന എൻെറ അന്നക്കൊച്ചു്—ഈയിടെ വരുമെന്നു്!

എനിക്കു തൃപ്തിയായില്ല. ഞാൻ അന്നക്കൊച്ചിന്റെ അമ്മയെ വിളിച്ചു. എനിക്ക് ആഫീസിൽപ്പോകാൻ തിടുക്കമായിരുന്നു. എങ്കിലും എന്റെ സ്നേഹിതയെപ്പറ്റി ചോദിക്കാതിരിക്കാൻ മനസ്സനുവദിച്ചില്ല.

"കുഞ്ഞിനോട്ട് പറയണമെന്ന് ഇന്നലേ ഞാൻ കരുതീതാ," അവർ പറഞ്ഞു, "പക്ഷേ, കുഞ്ഞിനെ കണ്ടുകിട്ടീല്ല. ഇന്നലെ ഇതിലേ വന്നില്ലാരുന്നോ?"

"ഞാനിന്നലെ കുറച്ചുനേരത്തേ ഇങ്ങു പോന്നു. നിങ്ങളെ ആരെയും ഇവിടെ കണ്ടില്ല." എനിക്കു തിടുക്കമായി. "ആ, അന്നക്കൊച്ച്—"

"അവള് കപ്പലിക്കേറീന്ന് കമ്പി വന്നിരുന്നു. ഇപ്പം കടലിലാരിക്കും. എന്റെ മാതാവേ, ആപത്തൊന്നും വരുത്താതെ കപ്പലിക്കരെയടുപ്പിക്കണേ."

"എന്നിട്ട് അന്നക്കൊച്ച് എന്നു വരുമെന്ന്പറഞ്ഞില്ലല്ലോ." ഞാൻ എന്റെ ആവശ്യം വെളിപ്പെടുത്തി.

"അയ്യോ! കുഞ്ഞിനാന്നേ പെറ്റതള്ളയേക്കാ വെപ്രാളം." അവർ എന്നെ പയ്യെ ഒന്നു കളിയാക്കി.

"ഇനിയത്തെ ബുധനാഴ്ച വെള്ളക്കമ്മുമ്പിങ്ങെത്താമെന്നാ ചെറുക്കൻ പറഞ്ഞെ."

"അപ്പോൾ ഇന്ന് വെള്ളി. ശനി, ഞായർ, തിങ്കൾ ചൊവ്വാ—നാലു ദിവസമേ ഉള്ളല്ലോ!" ഞാൻ അതാവർത്തിച്ചു പറഞ്ഞ് ആഹ്ലാദിച്ചു.

ഞാൻ അത് വീട്ടിൽവന്ന് അമ്മയോടു പറഞ്ഞു. അനുജത്തി തങ്കത്തിനോടു പറഞ്ഞു. എന്റെ എട്ടുമാസം പ്രായമായ കൊച്ചുമകന് കാര്യം മനസ്സിലാകുമോ ആവോ, അവനോടും പറഞ്ഞു: "മോനേ, അമ്മച്ചിയുടെ കൂട്ടുകാരത്തി അന്നക്കൊച്ച് അടുത്ത ബുധനാഴ്ചവരും, മോനു കാണണ്ടേ?" അവൻ എന്നെ പരിഹസിക്കമാറ് പല്ലു മുളച്ചിട്ടില്ലാത്ത വായ്‌വിടർത്തി ഒന്നു ചിരിക്കമാത്രം ചെയ്തു.

എൻെറ ഭർത്താവു് ഒരാഴ്ച കഴിഞ്ഞിട്ടേ വരൂ. അദ്ദേഹത്തിനു് കമ്പിയടിച്ചു. എൻെറ സന്തോഷത്തിൽ അദ്ദേഹവും പങ്കെടുക്കണമല്ലോ.

"അന്നക്കൊച്ചു് ബുധനാഴ്ച വരും. ചൊവ്വാഴ്ചരാത്രി എനിക്കുറക്കംവന്നതേ ഇല്ല. ഞാൻ പലതും വിചാരിച്ചു കൊണ്ടു കിടന്നു. അന്നത്തെയും ഇന്നത്തെയും അന്നക്കൊച്ചു്, അവരുടെ മക്കൾ. എന്നെക്കാണുമ്പോഴുള്ള സ്നേഹപ്രകടനങ്ങൾ. ഞങ്ങളുടെ കൂടിക്കാഴ്ച. ആ സൗഹൃദപ്രവാഹം. ഇങ്ങനെ വിചാരിച്ചു കിടന്നു് ഒന്നു മയങ്ങി. അവധിയെടുത്തു വീട്ടിലിരുന്നു് അന്നക്കൊച്ചിനെയും കുടുംബത്തെയും സൽക്കരിക്കാനുള്ള സൗഭാഗ്യം സ്വപ്നമെനിക്കു് സമ്മാനിച്ചു.

മണി ആറടിച്ചതേയുള്ളു. അന്നക്കൊച്ചിൻെറ കൊച്ചനുജത്തി മേരി, കൈനിറയെ മിഠായികളുമായി ഓടിവന്നു പറഞ്ഞു: "അമ്മാമ്മ വെളുപ്പിനു വന്നു."

എൻെറ ആനന്ദം അതിരുകവിഞ്ഞു.

'അവൾ രാവിലെ കാപ്പികുടിക്കുന്നതു് ഇവിടെ എൻെറ കൂടെയായിരിക്കും,' ഞാൻ നിശ്ചയിച്ചു.

വീട്ടിൽ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മുറികൾ ഞാൻതന്നെ അടിച്ചുവാരി തുടച്ചു വൃത്തിയാക്കി. വിചിത്രതരത്തിൽ തുന്നൽവേലകൾ ചെയ്തിട്ടുള്ള കുഷ്യനും വിരികളും കൊണ്ടു് സെററികളും മേശകളും അലങ്കരിച്ചു. കാപ്പിക്കുള്ള പുതിയ പലഹാരങ്ങൾ തയ്യാറാക്കി സോസറുകളിൽ അടച്ചുവച്ചു. മണി ഏഴ്—എട്ട്—ഒമ്പതു്...അന്നക്കൊച്ചു വന്നില്ല.

കൂട്ടുകാരി വ. ട്ടാകാം കാപ്പികുടി എന്നു് ഞാൻ പറഞ്ഞതുകൊണ്ടു് ഒമ്പതായിട്ടും ആരും അനങ്ങിയില്ല. ഒടുവിൽസഹികെട്ടു് തങ്കം പറഞ്ഞു: "എനിക്കു വിശക്കുന്നു."

വേലക്കാരികൾ തമ്മിൽ പതുക്കെപ്പറഞ്ഞു: "കൊച്ചുകൊച്ചമ്മയ്ക്കിന്നൊരു കിറുക്കുതന്നാണോ!" എന്നു്.

ഇതൊരു കിറുക്കാണെന്നുംകൂടി ഞാൻ സമ്മതിച്ചേക്കാം, എൻെറ സുഹൃത്തിനുവേണ്ടി.

ഞങ്ങൾ ഒൻപതരയായപ്പോൾ കാപ്പികുടിച്ചു, തികച്ചും ഇച്ഛാഭംഗത്തോടുകൂടെ.

"തീർച്ചയായും ഊണിനെങ്കിലും അവർ കൂടെ ഉണ്ടു്," ഞാൻ പറഞ്ഞു.

"നീയൊന്നു വെറുതെയിരിക്കൂ, ഡെയ്സി." അമ്മയുടെ വെറുപ്പും പുറത്തു ചാടി.

ഞാൻ സ്വയം സമാധാനിച്ചു. എന്നെ കളിയാക്കിയവരുടെ അടുക്കൽ കാരണം വിശദീകരിച്ചുകൊടുത്തു: നാലഞ്ചുകൊല്ലത്തിനുശേഷം സ്വന്തം വീടു കാണുകയാണു്. നാലു നാഴികയെങ്കിലും അമ്മയുടെ അടുക്കൽ കഴിച്ചുകൂട്ടിയിട്ടല്ലാതെ വെളിയിലോട്ടിറങ്ങുമോ?

കേട്ടവരൊക്കെ ഉള്ളിൽ പറഞ്ഞുകാണും: "എന്നാൽപ്പിന്നെ ഇതൊന്നും നേരത്തേ ഓർത്തുകൂടായിരുന്നോ?" പക്ഷേ, ആർക്കാണു തെററുപററാത്തതു്!

ആ ദിവസം മുഴുവൻ കഴിഞ്ഞു. അന്നക്കൊച്ചിനെ കണ്ടില്ല. അടുത്ത ദിവസവും ഞാൻ അവധിയിലായിരുന്നു. അന്നും അവൾ വന്നില്ല.

പിറേറദിവസം ആഫീസിൽ പോയപ്പോൾ ഞാൻ അവരുടെ വീട്ടിൽ നോക്കി. വെളിയിൽ ആരെയും കണ്ടില്ല. നില്ക്കാൻ സമയമില്ലായിരുന്നതുകൊണ്ടു് ഞാൻ പോയി. വൈകിട്ടു തിരിച്ചുപോരുമ്പോൾ അവിടെ കയറി. ഒരു പഴയ കസേരയിൽ പുതിയ കുഷ്യനിട്ടു് അന്നക്കൊച്ചു് ഇരിക്കുന്നു. അയല്ക്കാരായ അസംഖ്യം ആളുകൾ ചുററും നില്ക്കുന്നുണ്ടു്. ഞാൻ നേരേ കയറിച്ചെന്നു. എന്നെക്കാണുമ്പോൾ അന്നക്കൊച്ചു കെട്ടിപ്പിടിച്ചു കരയുമെന്നായിരുന്നു എൻെറ വിശ്വാസം. ആ സന്ദർഭം ധൈര്യപൂർവം നേരിടാനുള്ള മനക്കരുത്തുണ്ടായിരിക്കണേ എന്നു ഞാൻ ആഗ്രഹിച്ചു.

KOTTAYAM ... LIBRARY 81566 KOTTAYAM.
DISTRIBUTING LIBRARY No. 5381 KOTTAYAM



എന്നെക്കണ്ടു, പക്ഷേ, അന്നക്കൊച്ച് അനങ്ങിയില്ല. അല്പനേരം കഴിഞ്ഞപ്പോൾ, "ഇരിക്കൂ" എന്നൊന്നു പറഞ്ഞു.

"കുഞ്ഞുങ്ങളെ കണ്ടില്ലല്ലോ." ഞാൻ പറഞ്ഞു.

"അവരിവിടെവിടെയോ ഉണ്ട്. ഹേ! ഒരു സുഖവും തോന്നുന്നില്ല. അവക്ക് ഓടിക്കളിക്കാൻ സൗകര്യംപോലുമില്ല. കാലാവസ്ഥയോ, വളരെ മോശം. എന്തൊരു നാടാണാവോ!"

"റീനീ," ഒരു മകളെ വിളിച്ചു ചോദിച്ചു, "മാർഗ്രററും സാറാഫിനും എവിടെ?"

റീനി, മാർഗ്രററ്, സാറാഫിൻ—മൂന്നുപേരും എത്തി. പരിഷ്കാരത്തിന്റെ മൂന്നു മെലിഞ്ഞ കോലങ്ങൾ.

അന്നക്കൊച്ച് തന്റെ വേഷഭൂഷകൾ ആകെയൊന്നു നോക്കിയിട്ടു പറഞ്ഞു: "ഓ, എന്തു മോശമായ സാരിയാണു ഞാനീയുടുത്തിരിക്കുന്നത്! ഇവരുടെ പപ്പാ ഇതുകണ്ടാൽ എന്നെ ഓടിച്ചുകളയും."

എനിക്ക് എന്തൊക്കെയോ പറയാൻ തോന്നി. ഏതു ഭർത്താവിനാണ് തന്റെ ഭാര്യ വൃത്തിയായി നടക്കണമെന്നാഗ്രഹമില്ലാത്തത്?

വാസ്തവത്തിൽ അവൾ ഉടുത്തിരുന്നത് സാമാന്യം നല്ല ഒരു സാരി—ഒരു പക്ഷേ, അവളുടെ ഏററവും നല്ല സാരി—ആയിരുന്നു.

ഇത്രയുമായിട്ടും കൂട്ടുകാരിക്ക് എന്നെപ്പററി യാതൊന്നും ചോദിക്കാൻ ഭാവമില്ല. എന്നെപ്പററി വേണ്ട, പോകട്ടെ, അവളെ പുത്രീനിർവിശേഷം പരിപാലിച്ചു വളർത്തിയ എന്റെ അമ്മയെക്കുറിച്ചുപോലും ചോദിക്കുന്നില്ല.

എന്റെ അമർഷം മുഴുവൻ ഞാൻ ഉള്ളിലടക്കി. അവൾ വീണ്ടും മലയാളക്കരയെ ദുഷിക്കാൻ തുടങ്ങി. എന്റെ ക്ഷമാശക്തി അസ്തമിക്കാറായി. ഇതിനിടയിൽ അവിടെയാരോ എന്റെ മകന്റെ കാര്യം തിരക്കി.

"ഡെയ്സിയുടെ വിവാഹം കഴിഞ്ഞു, അല്ലേ?" സുഹൃത്തു ചോദിച്ചു.

"ക്ഷണക്കത്തു് അയച്ചിരുന്നല്ലോ," ഞാൻ പറഞ്ഞു.

"ഒരിക്കൽ ഡയ്സിയുടെ ഒരു ഇൻവിറേറഷൻലറ്റർ കിട്ടിയതായിട്ടോർക്കുന്നു. ഒരു ഗാർഡൻപാർട്ടിക്കു പോകാനുള്ള ഒരുക്കത്തിനിടയിൽ അതെവിടെയോ വച്ചു; പിന്നൊട്ടു വായിച്ചുമില്ല."

എനിക്കു് സങ്കടവും അത്ഭുതവും തോന്നി. പിന്നെയും സ്വയം സമാധാനിച്ചു.

സുദീർഘങ്ങളായ അഞ്ചാണ്ടുകൾ! അതിനിടയിൽ നാട്ടിൽത്തന്നെ എന്തു മാററങ്ങൾ വന്നിട്ടുണ്ടു്. ഞാനോ അവളുടെ ജീവൻെറ ജീവനായിരുന്നു. എൻെറ കാര്യങ്ങൾ അവൾക്കു് അന്വേഷിക്കുകയേ വേണ്ട. എൻെറ ഉദ്യോഗം, വിവാഹം, ഭർത്താവു്, കുഞ്ഞു്—ഒന്നിനെപ്പററിയും അവൾക്കറിയേണ്ട.

ഞാൻ തിരിച്ചുപോരാൻ തുടങ്ങുമ്പോഴാണു്, ഞങ്ങളുടെ ഒരു പഴയ സ്നേഹിത അവിടെത്തി, 'അന്നക്കൊച്ചി'നെ സ്നേഹപൂർവ്വം വിളിച്ചതു്.

അവളുടെ അപ്പോഴത്തെ ഭാവം ഒന്നു കാണേണ്ടതായിരുന്നു! ക്ഷോഭം തെല്ലമത്തിക്കൊണ്ടു് അവൾ പറഞ്ഞു: "മിസ്സിസ്സ് മാത്യൂസെന്നേ അവിടെല്ലാവരും വിളിക്കാറുള്ളു. വളരെ അടുത്തവർമാത്രം ആനിക്കുട്ടിയെന്നും."

ഏതായാലും ആ മണ്ടത്തരം എനിക്കു പററിയില്ലല്ലോ എന്നു ഞാൻ ആശ്വസിച്ചു.

ആ കൂടിക്കാഴ്ച എനിക്കു് അസഹ്യമായിരുന്നു. ആളുകളുടെ പ്രത്യക്ഷവും പരോക്ഷവുമായ പരിഹാസം എങ്ങനെ നേരിടുമെന്നുള്ള വിചാരമാണു് അവിടെനിന്നിറങ്ങിയപ്പോൾ എന്നെ അധികം പീഡിപ്പിച്ചതു്. ഞാൻ ആഫീസിൽ പോകുമ്പോൾ അടുത്തുള്ള ഒരു വലിയ ബംഗ്ലാവിൻെറ വരാന്തയിൽ മിസ്സിസ്സ് മാത്യൂസും മക്കളും കൂടി നില്ക്കു

ന്നതു കണ്ടിട്ടുണ്ട്. പക്ഷേ, അങ്ങോട്ടു നോക്കുവാൻപോലും ഞാൻ ഇഷ്ടപ്പെട്ടില്ല.

ഒരിക്കൽ അവളുടെ അമ്മ എന്നോടു പറഞ്ഞു: "കുഞ്ഞിൻെറ വീട്ടിലുമൊക്കെയൊന്നു പോവാൻ ഞാമ്പറഞ്ഞതാ. അടുത്താഴ്ചേൽ കപ്പലേക്കേറി കണ്ടാമറയത്തു പോകേമാ. എന്തോന്നു ചെയ്യാനാ കുഞ്ഞേ, അവക്കിവിടൊന്നും നടക്കാം വയ്യ. അവിടെന്നു പറഞ്ഞാൽ അങ്ങോട്ടുമിങ്ങോട്ടുമെല്ലാം കാറേലല്യോ നടക്കുന്നെ. പിന്നൊരു കാര്യോമുണ്ടേ. ചില്ലാ ചമ്പളം വല്ലോമാണോ മാത്തപ്പനൊള്ളെ!"

"എത്രയുണ്ടു്?" ഞാൻ ചോദിച്ചുപോയി. ഒരു വലിയ ആഗ്രഹം അതൊന്നറിയാൻ. അത്ര വലിയ ശമ്പളക്കാരൻെറ ഭാര്യയാണെങ്കിൽ—ഞാൻ പരിഭവിച്ചാൽ മതിയോ—?

"നൂററിപ്പത്തു വെള്ളിയുണ്ടു കുഞ്ഞേ. ഒരു വെള്ളി നമ്മടെ ഒന്നര രൂപയോ മറേറാ ആണെന്നാ പറേന്നെ."

എൻെറ അത്ഭുതത്തിനു് അതിരില്ലായിരുന്നു. അന്നക്കൊച്ചിൻെറ അന്തസ്സാരവിഹീനതയിൽ ഞാൻ സഹതപിച്ചു. അകമഴിഞ്ഞു സഹതപിച്ചു.

"നൂററിപ്പത്തു വെള്ളിയുടെ വലിപ്പമാണോ ഇക്കണ്ടതൊക്കെ!" ആരോടെന്നില്ലാതെ ഞാൻ ചോദിച്ചുപോയി.

നൂററിപ്പത്തുണ്ടെന്നുതന്നെ ആരറിഞ്ഞു? അഥവാ ഉണ്ടെങ്കിൽത്തന്നെ? അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു് മലയായിൽ കഴിഞ്ഞുകൂട്ടുവാനുള്ള തുകയാണതു്. അവിടത്തെ പട്ടിണിക്കുടുംബമായിരിക്കും അതു്.

അന്നക്കൊച്ചു് ആനിക്കുട്ടിയും മാത്തപ്പൻ മാത്യൂസും ആയതു് ഇത്രയും വെള്ളിയുടെ വെളിച്ചത്തിലാണു്. കുറച്ചുകാലത്തേക്കു് ആ അന്തരീക്ഷത്തിൽ ഈ ശബ്ദങ്ങൾ അലയടിച്ചു നിന്നു: "നൂററിപ്പത്തു വെള്ളിയുടെ വലിപ്പം!"

# പ്രേമ വിവാഹം

"കുഞ്ഞേ, ഇതു് യൗവനത്തിൻെറ ചാപല്യമാണു്; നിൻെറ മനസ്സ് ഈ നിശ്ചയത്തിൽനിന്നൊന്നു പിൻതിരിക്കുമോ?" സ്നേഹാർദ്രചിത്തയായ മാതാവു് ലീലയോടു ചോദിച്ചു.

"അമ്മേ, ഇതു് യൗവനത്തിൻെറ ചാപല്യമല്ല; പാവനപ്രേമത്തിന്റെ ഉദ്ബോധനമാണു്." ലീല പ്രതിവചിച്ചു മൗനം പൂണ്ടു.

"മകളെ, ഇതൊന്നും കൊച്ചുകാര്യങ്ങളല്ല; ആലോചിക്കുവാനുണ്ടതിൽ. എടുത്തുചാട്ടം ആപത്തിൽ അവസാനിക്കുകയാണു പതിവു്. നീ വിദ്യാഭ്യാസമുള്ളവളാണു്. അല്പംകൂടി ചിന്തിച്ചുനോക്കൂ." അച്ഛൻ അവളോടു പറഞ്ഞുനോക്കി.

അവൾ മിണ്ടിയില്ല. കുറച്ചുനേരം അവിടെയെങ്ങും നിശ്ശബ്ദത നടമാടി.

"മകളെ, നീ ഉറച്ചുകഴിഞ്ഞോ?"

"ഉവ്വ്."

"എന്തു്?"

അപ്പോഴും ലീല മൗനമാചരിച്ചു.

"ആ സുരേന്ദ്രനെ വിവാഹംകഴിക്കുവാനോ?"

"അതെ," മകൾ ഉത്തരം പറഞ്ഞു.

അങ്ങനെ ആ വിവാഹത്തെപ്പററിയുള്ള അന്ത്യതീരുമാനം നിർവഹിക്കപ്പെട്ടു. ലീലയുടെ അഭിലാഷം—അതു സഫലമായി. സുരേന്ദ്രൻെറ ആനന്ദത്തിനതിരില്ലായിരുന്നു.

"ഞാൻ ആവുന്നതും ശ്രമിച്ചുനോക്കി. ഗുണദോഷങ്ങൾ പറഞ്ഞുകൊടുത്തു. സുരേന്ദ്രൻെറ നില വിശദീകരിച്ചു. അവൻെറ ധനസ്ഥിതിയെയും കുലത്തെയുംപററി അറിയാവുന്നതെല്ലാം പ്രസംഗിച്ചു. എന്നിട്ട്—" ലീലയുടെ പിതാവു് അവളുടെ അമ്മയോടു പറഞ്ഞുകൊണ്ടിരി

ക്കുമ്പോൾ ഇടയ്ക്കു നിറുത്തി. അദ്ദേഹത്തിൻെറ കണ്ണുകളിൽ കണ്ണുനീർ പൊടിഞ്ഞുവരുന്നുണ്ടായിരുന്നു. തൊണ്ടയിടറുന്നുണ്ടായിരുന്നു. സുരേന്ദ്രൻ ബി. എ. പരീക്ഷയ്ക്കു് ഒന്നാം ക്ലാസ്സിൽ പാസ്സായി എന്നല്ലാതെ അഭികാമ്യങ്ങളായ മററു ഗുണങ്ങളൊന്നുമില്ലെന്നു് ലീലയുടെ അച്ഛൻ അറിഞ്ഞിരുന്നു.

സുരേന്ദ്രൻ കാളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അനുഭവിച്ചുകൊണ്ടിരുന്ന കഷ്ടതകൾ, അയാൾക്കു പലപ്പോഴും ധനസഹായം ചെയ്തിരുന്ന ആ ഔദാര്യനിധിക്കറിയാമായിരുന്നു. അദ്ദേഹം വിദൂരതയിലേക്കു നയനങ്ങൾ പായിച്ചുകൊണ്ടങ്ങനെയിരുന്നുപോയി.

"എന്നിട്ടു്?" ഉത്കണ്ഠാകുലയായ മാതാവു ചോദിച്ചു.

"അതു വനരോദനമായി പരിണമിച്ചു. അറിയാൻ പാടില്ലെങ്കിൽ അറിവുള്ളവർ പറഞ്ഞുകൊടുത്താൽ അതു് അനുസരിക്കണ്ടെ? പ്രേമവിവാഹംപോലും! നടക്കട്ടെ! വരുന്നതു് അതേപടി അനുഭവിക്കാൻ തയ്യാറായിക്കൊള്ളുമല്ലോ. പക്ഷേ, ഇവരുടെ ഈ വാഗ്ദാനത്തിലും മററും എനിക്കൊരു വിശ്വാസവുമില്ല. ഉദാഹരണങ്ങൾ പലതും ഞാൻ കണ്ടിട്ടുണ്ടു്. വെറും വ്യാമോഹം. വ്യാമോഹനീർച്ചുഴിയിൽപ്പെട്ടു യുവചിത്തങ്ങൾ വട്ടം കറങ്ങുന്നു, അത്രമാത്രം. ഇതുതന്നെ എങ്ങനെയായിത്തീരുമെന്നു് കണ്ടറിയണം. ലീലയ്ക്കു് അവൻെറ വീടു കണ്ടാൽത്തന്നെ തൃപ്തിയാകും. സർവ്വേശ്വരാ, സർവ്വവും ശുഭമായി സമാപിപ്പിക്കണേ!"

മാതാവു്:—സുരേന്ദ്രൻെറകൂടെ നരകത്തിൽവേണമെങ്കിലും വസിക്കാൻ കഴിയും. അവിടെയും നാകസുഖംകണ്ടെത്തുമെന്നാണു് അവൾ പറയുന്നതു്.

പിതാവു്:—ഓഹോ! നാകസുഖം! പഠിച്ചുവച്ചിട്ടുണ്ടു് കുറെ പദങ്ങൾ. അനാവശ്യമായി അവ വിളമ്പുന്നതിനുള്ള സാമർത്ഥ്യവും കൈക്കലാക്കിയിട്ടുണ്ടു്.

ഇപ്പോഴുള്ള പെണ്ണിന്റെയും ആണിന്റെയുമൊക്കെ തൊഴിലാണിതു്. ഞാൻ ലീലയെമാത്രം കുററപ്പെടുത്തുകയല്ല. നാകസുഖംപോലും! എന്തുമാതിരി സുഖമോ—അപ്പാ!

അവജ്ഞാപൂർണ്ണമായ സ്വരത്തിൽ ഇത്രയുംപറഞ്ഞിട്ടു് അച്ഛൻ അവിടെനിന്നും പോയി. ലീല അമ്മയുടെ അടുക്കലെത്തി.

ലീല:—അമ്മേ, ഞാനും സംഭാഷണം കേട്ടു. സുരേന്ദ്രന്റെ കുരപ്പുര എനിക്കു് മണിമാളികയാണു്, അദ്ദേഹത്തിന്റെ ദാരിദ്ര്യവും എന്റെസമ്പത്താണു്.

അമ്മ:—മതി ലീലേ, മതി. ഇതു് തിരിച്ചു പറയുവാനിട വരുത്താതിരുന്നാൽ കൊള്ളാം. നീ ഇത്രയും പഠിച്ചു. പത്തിരുപതുവയസ്സുള്ള പെണ്ണല്ലേ—അത്ര ആലോചനയില്ലാത്തവളല്ലല്ലോ! എന്നുവിചാരിച്ചു് ഞങ്ങളിതു സമ്മതിച്ചെന്നുമാത്രം. പിന്നെ ഒരു കാര്യം. ഇനി ഇതിനെക്കുറിച്ചു് ആവലാതിപ്പെട്ടാൽ കേൾക്കാൻ വേറെയാരെയെങ്കിലും അന്വേഷിച്ചുകൊള്ളണം.

ലീല ബി. എ.ക്കാരിയാണു്. അവൾ പറയാറുണ്ടു്: "ഇന്നത്തെ വിവാഹരീതിതന്നെ മോശം. വരനെ തിരഞ്ഞെടുക്കുന്നതിൽ വധുവിനു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അല്ലെങ്കിൽ അങ്ങനെയുള്ള വിവാഹം വിവാഹമേ അല്ല."

അവൾ പ്രേമവിവാഹം നടത്താൻതന്നെ തീരുമാനിച്ചു. സുരേന്ദ്രന്റെ ധനത്തേയോ കുടുംബത്തേയോ കുറിച്ചു് അവൾക്കു യാതൊരറിവുമില്ലായിരുന്നു; അതറിവാൻ ആഗ്രഹിച്ചുമില്ല.

ലീലാസുരേന്ദ്രന്മാരുടെ വിവാഹം വധൂഗൃഹത്തിൽ വച്ചു് ആഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു. നാട്ടുനടപ്പനുസരിച്ചു് വധു ഭർത്തൃഭവനത്തിലേക്കു് ആനയിക്കപ്പെടുവാനുള്ള ഒരുക്കങ്ങൾ ചെയ്യുതുടങ്ങി.

സുരേന്ദ്രൻ പറഞ്ഞു:

"ലീലേ, ഞാൻ ഇതിനുമുമ്പു പല പ്രാവശ്യം പറഞ്ഞിട്ടില്ലേ? ഞങ്ങൾ പാവങ്ങൾ; ധനരഹിതർ. എൻെറ വീടു നിങ്ങളുടെ തൊഴുത്തിനും പററുകയില്ല."

ലീല പ്രേമപൂരിതങ്ങളായ നീലനയനങ്ങൾ സുരേന്ദ്രൻെറ വദനത്തിലുറപ്പിച്ചുകൊണ്ടു പറഞ്ഞു:

"ഓ, തുടങ്ങിയല്ലോ പഞ്ഞംപാച്ചിൽ. എനിക്കിതൊന്നും കേൾക്കേണ്ട. എൻെറ ദൃഷ്ടിയിൽ അങ്ങു കുബേരനാണ്; ആ സ്ഥലം അളകാപുരിയും."

സുരേന്ദ്രൻ:—ഞങ്ങൾ ഗ്രാമീണരാണ്.

ലീല:—അതിനു ഞാനെന്തുവേണം?

സുരേ:—ഇവിടുത്തെ സുഖസൗകര്യങ്ങൾ അവിടെങ്ങും കണികാണ്മാൻപോലും കിട്ടുകില്ല.

ലീല:—എന്നെ വിഷമിപ്പിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ പറഞ്ഞുകൊള്ളു. എനിക്ക് ആ പരിഷ്കാരമില്ലാത്ത ഭവനം നന്ദനവനമായിത്തോന്നും. ഞാൻ അവിടുത്തെ അപ്സരസ്സായിരിക്കും. എൻെറ ഹൃദയേശ്വരൻ സാക്ഷാൽ സുരേന്ദ്രനും."

സുരേന്ദ്രൻ ആനന്ദിച്ചു; ആഭിമാനം പൂണ്ടു. എങ്കിലും തോന്നാതിരുന്നില്ല, പാരിജാതം ഭൂലോകവനങ്ങളിൽ വേരുറയ്ക്കുയില്ലെന്നു; ഹംസം ജലമാസ്വദിക്കയില്ലെന്നു. പിന്നെയും ആശ്വസിച്ചു പരിശുദ്ധപ്രേമംകൊണ്ടു നരകം നാകമായി മാറുമെന്നു.

ലീല സുരേന്ദ്രൻെറ വീട്ടിലാണ്. വന്നിട്ട് ഒരാഴ്ച കഴിഞ്ഞതേയുള്ളു. അവൾക്ക് ആകപ്പാടെ ഒരു ഉദാസീനത.

ഒരു കുഗ്രാമം. പരിഷ്കാരത്തിൻെറ നേരിയ പ്രകാശംപോലും അവിടെ പരന്നിട്ടില്ല. നാലഞ്ചു് ഏക്കർ വിസ്താരമുള്ള ഒരു നെടിയ പറമ്പിൻെറ മദ്ധ്യത്തിൽ, കുടിലെന്നു പറയാൻമേല, അത്തരത്തിലൊരു വീട്. വടക്കും കിഴക്കും ഭാഗങ്ങളിൽ വലിയ കുന്നുകൾ. എങ്ങോട്ടു നോക്കിയാലും

കാട്ടുകൾ. അവിടത്തെ ആളുകളോ? തികച്ചും അപരിഷ്കൃതർ. മുട്ടുവരെയെത്തുന്ന കുറിമുണ്ടുകളുമുടുത്ത് കലപ്പയും തോളിലേന്തി കട്ടൻതറയോട്ടു മല്ലിടാൻ പുറപ്പെടുന്ന പരുപരുക്കന്മാരാണ് ഗൃഹസ്ഥന്മാരധികവും. സ്ത്രീകൾ അതിലും കേമം. വീടിനു വെളിയിൽ പോകുമ്പോൾപോലും അവർക്കു കൃത്രിമാഡംബരങ്ങളില്ല. 'സാരി'യില്ല, 'സ്ലിപ്പേഴ്സി'ല്ല;'ഹാൻഡ്ബാഗി'ല്ല; 'അംബ്രല്ല'യില്ല; 'റിസ്റ്റുവാച്ചി'ല്ല. എല്ലാം 'കണ്ട്റീസ്'—

ലീല ആരോടെന്തുപറയും? അവൾക്ക് എന്തു ചെയ്യാൻ കഴിയും? അവൾ എപ്പോഴും അവളുടെ വീടിനെപ്പറ്റി വിചാരിച്ചുകൊണ്ടേയിരുന്നു. സകലവിധ പരിഷ്കൃത സുഖസജ്ജീകരണങ്ങളോടുകൂടിയ ആ ഇരുനിലമാളിക അവളുടെ സ്മരണമണ്ഡലത്തിൽ പൊന്തിവന്നു. പഠിക്കുന്നതിനു, ഉറങ്ങുന്നതിനു, വസ്ത്രധാരണത്തിനു—എല്ലാത്തിനും അവൾക്കു വേറെവേറെ മുറികളുണ്ട്. വിളിക്കുമ്പോഴൊക്കെയുണ്ട് വേലക്കാർ അടുക്കൽ. ഭർത്തൃഗൃഹത്തിലെപ്പോലെ മണ്ണെണ്ണവിളക്കിൻെറ പുകയുമേററു മങ്ങിയവെളിച്ചത്തിലിരിക്കേണ്ട. വൈദ്യുതദീപങ്ങൾ കുളിമുറിയിൽപ്പോലുമുണ്ട്. കഷ്ടം! ലീലയ്ക്കു തൻെറ ദയനീയാവസ്ഥയിൽ സങ്കടം തോന്നി. സഖികളൊത്തു സമുദ്രതീരത്തിൽ പോയിട്ടു ദിവസങ്ങളെത്രയായി! ഇവിടെ റേഡിയോ കേൾക്കാനില്ല. ന്യൂസ്പേപ്പർ കാണ്മാനില്ല. അതു മാത്രമോ? ദിവസംതോറും ഒരു ഉത്സവത്തിനുള്ള ആളുകളാണ് വരുന്നതു്, ലീലയെ—സുരേന്ദ്രൻെറ സഹധർമ്മിണിയെക്കാണാൻ അവൾക്കു ലജ്ജതോന്നി. ഇതെല്ലാം ഒരുപക്ഷേ, അവൾ സഹിക്കുമായിരുന്നിരിക്കണം. വീട്ടിൽ താമസിക്കുമ്പോൾ വിവാഹത്തിനുമുമ്പും അവൾ സുരേന്ദ്രനുമായി സ്വതന്ത്രസംഭാഷണത്തിലേർപ്പെട്ടുമായിരുന്നു. ഇവിടെ വന്നതിനുശേഷം അതിനും സൗകര്യമില്ല. ഇതു സുരേന്ദ്രൻെറ സ്നേഹമില്ലായ്മയെന്നു് അവൾ വ്യാഖ്യാനിച്ചു.

അന്നൊരു ഞായറാഴ്ചയും ഒന്നാംതീയതിയുമായിരുന്നു. സുരേന്ദ്രൻെറ മാതാപിതാക്കന്മാരും സഹോദരങ്ങളും അടുത്തുള്ള ദേവീക്ഷേത്രത്തിൽ കുളിച്ചുതൊഴുന്നതിനു പോയി. രാവിലെ ഭക്ഷണം തയ്യാറാക്കുന്ന കൃത്യം ലീലയുടേതായിരുന്നു. അവൾ വല്ലാതെ പരിഭ്രമിച്ചു. പാചകവിദ്യയിൽ പരിചയമില്ലാത്ത അവൾ എന്തു ചെയ്യാനാണ്! ലീല കരഞ്ഞുതുടങ്ങി.

"ലീലേ!" സ്നേഹമസൃണമായ വിളികേട്ട് അവൾ തിരിഞ്ഞുനോക്കി. എങ്കിലും സുരേന്ദ്രനെ കണ്ടമാത്രയിൽ മുഖം തിരിച്ചുകളഞ്ഞു. അയാൾ അവളുടെ കരതലങ്ങൾ ഗ്രഹിച്ചു. ആ കൈകൾ തട്ടിമാററാൻ അവൾ മടിച്ചില്ല.

സുരേന്ദ്രനു കാര്യം മനസ്സിലായി.

"ഞങ്ങളുടെ പരിതഃസ്ഥിതികൾ ഇങ്ങനെയാണ്," അയാൾ പറഞ്ഞുതുടങ്ങി.

"എനിക്കു വീട്ടിൽ പോകണം." ഭർത്താവു പറഞ്ഞതു് കേൾക്കാത്തമട്ടിൽ ലീല ആവശ്യപ്പെട്ടു.

"എപ്പോൾ?" സുരേന്ദ്രൻ ചോദിച്ചു.

"ഇപ്പോൾ."

"ഇപ്പോഴോ?"

"അതെ, ഇപ്പോൾത്തന്നെ."

"അപ്പോൾ, നരകം, നരകം തന്നെയാണ് അല്ലേ?" ലീലയ്ക്കു് ഓർമ്മവന്നു, താൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ള പദങ്ങൾ.

എങ്ങനെ വീട്ടിൽ ചെന്നുകയറും? അമ്മയും അച്ഛനും പറഞ്ഞതിനു് അവൾ എതിരു പറഞ്ഞു. അവർ മുഖത്തു നോക്കി പരിഹസിക്കയില്ലേ? പോകാതെയിരുന്നാലോ?

ഏതായാലും പോകാൻതന്നെ നിശ്ചയിച്ചു.

"ലീലേ, എന്താണൊന്നും പറയാത്തതു്?" സുരേന്ദ്രൻ ചോദിച്ചു.

"എനിക്കിപ്പോൾ വീട്ടിൽപോകണം."

"ഇത്ര ധൃതിയിൽ—?"

"നല്ല സുഖമില്ല."

"അതു് ലീല വന്നദിവസംതന്നെ ഞാൻ മനസ്സിലാക്കികഴിഞ്ഞു."

"കള്ളമല്ല; എനിക്കു്—"

"കള്ളമല്ല. സത്യംതന്നെ. ആകട്ടെ, പോകാം. അമ്മയും അച്ഛനും ഇങ്ങോട്ടു വന്നുകൊള്ളട്ടെ."

"വേണ്ട, വേണ്ട. രാവിലത്തെ വണ്ടി 9 മണിക്കാണു്. അവരൊക്കെ പത്തുകഴിയാതെ വരികയില്ല."

ലീല ഒരുമണിയോടുകൂടി സ്വഗൃഹത്തിൽ ചെന്നെത്തി. പിതാവു് ഊണുകഴിക്കാൻ തുടങ്ങുകയായിരുന്നു. "ലീലക്കുഞ്ഞു തനിച്ചുവന്നു" എന്നു് ഭൃത്യന്മാർ ആരോ ചെന്നു പറഞ്ഞു.

"കുഞ്ഞേ, തനിച്ചാണോ വന്നതു്?" അമ്മ ചോദിച്ചു.

"അല്ല; അദ്ദേഹം എന്റെകൂടെ വന്നിരുന്നു. ഏതോ അത്യാവശ്യം പ്രമാണിച്ചു് എവിടെയോ പോകണമായിരുന്നു. അതുകൊണ്ടു് സ്റ്റേഷനിൽനിന്നു ടാക്സിയിൽ കയററി എന്നെ വിട്ടിട്ടുപോയി.

"വരുന്നവിവരം നേരത്തെ അറിയിക്കാഞ്ഞതെന്തു്? ഞാൻതന്നെ വന്നു കൊണ്ടുപോരുമായിരുന്നില്ലേ?" അച്ഛൻ പറഞ്ഞു.

അവൾ ഒന്നും പറഞ്ഞില്ല.

"അയ്യോ! കുഞ്ഞു പണ്ടത്തേതിന്റെ പാതിയായിപ്പോയല്ലോ?" ഓടിയെത്തിയ വേലക്കാർ പരാതിപറഞ്ഞു.

"എനിക്കു സുഖമില്ലായിരുന്നു. ആകപ്പാടെ അവിടമെനിക്കിണങ്ങിയില്ലെന്നു തോന്നുന്നു." ഒന്നുമോർക്കാതെ അവൾ മനോഗതം തുറന്നു പറഞ്ഞുപോയി.

"അവിടമോ?" അത്ഭുതത്തോടെ അച്ഛൻ ചോദിച്ചു. "സുരേന്ദ്രന്റെ ഭവനം നിനക്കിണങ്ങിയില്ലെന്നോ? പരിശുദ്ധ പ്രേമത്തിന്റെ ഉദ്ബോധനമൊക്കെ എവിടെപ്പോയി?"

ലീല ലജ്ജിച്ചു തലതാഴ്ത്തി. സാരിത്തുമ്പുകൊണ്ടു മുഖംമറച്ചു മുറിയിലേക്കു കയറിപ്പോയി,

# ഭാഗ്യവാൻെറ കല്ലറ

ആ പള്ളിയുടെ ഭംഗി എൻെറ സങ്കൽപശക്തിയെ അതിശയിച്ചുനിന്നു. അഭിരാമങ്ങളായ ആലേഖ്യങ്ങളും അതിസുന്ദരമായ ശില്പസംവിധാനവും ആ ഭിത്തികൾക്കു് ഒരു നവചൈതന്യം പകന്നുനൽകി. ത്യാഗത്തിൻെറ പ്രതീകമായ കുരിശുമേന്തി അന്യാദൃശമായ തലയെടുപ്പോടുകൂടെ അതങ്ങനെ നിൽക്കുകയാണു്! മുൻഭാഗത്തു് മുകളിൽ ഇരുവശത്തുമായി പണിചെയ്തിരിക്കുന്ന മുന്തിരിക്കുലകൾ ഇളംകാററിൽ ഇളകിയാടുംപോലെ തോന്നി.

ചരിത്രപ്രസിദ്ധമായ ആ ദേവാലയത്തെപ്പററി ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്; ധാരാളം വായിച്ചിട്ടുമുണ്ടു്. ഒന്നു കാണണമെന്നുണ്ടായിരുന്ന അതിയായ ആഗ്രഹം അന്നുമാത്രമാണു് സഫലമാകുന്നതു്. പ്രസന്നോജ്ജ്വലമായ സായന്തനം ആ പരിസരങ്ങളുടെപോലും പ്രാഭവം പത്തിരട്ടിയാക്കിക്കാണിച്ചു.

അടുത്തുകൂടി ഒഴുകിയ ചെറുപുഴ സ്വഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദേവാലയത്തിൻെറ യശോഗാനങ്ങൾ ആലപിച്ചുകൊണ്ടേയിരുന്നു. അങ്ങകലെ ചക്രവാളസീമയിലുയന്ന മേഘമാലകൾ എരിഞ്ഞടങ്ങിയ സായംസന്ധ്യക്കു് ശബളാഭമായ ഒരു ശവകുടീരം പട്ടുത്തുയത്തി. നേരമിരുട്ടുന്നതുകണ്ടു് 'ഇനിയും പോകണ്ടേ' എന്ന അത്ഥത്തിൽ സ്നേഹിതൻ എന്നെ നോക്കി. ഞാൻ അതു കണ്ടെങ്കിലും കണ്ടതായി നടിച്ചില്ല. എൻെറ കണ്ണുകൾ പള്ളിമുററത്തിനു തൊട്ടടുത്തുകണ്ട ശവക്കോട്ടയിൽ ഉലാത്തുകയായിരുന്നു. ആയിരമായിരം ജീവിതങ്ങളുടെ അന്ത്യവിശ്രമരംഗം! പലതരുടെയും പ്രതാപവും പ്രൗഢിയും പണക്കൊഴുപ്പും ഉൽഘോഷിച്ചുംകൊണ്ടുയന്നുനിൽക്കുന്ന അസംഖ്യം കല്ലറകളുണ്ടു് അവിടെ. അവ ഏതോ അജ്ഞാതലോകത്തിലെ സന്ദേശം മൂകഭാഷയിൽ അരുളിച്ചെയ്യുന്നതുപോലെ

തോന്നി. മരിച്ചാലും തൻെറ നാമധേയം ജീവിക്കണമെന്നുള്ള മനുഷ്യന്റെ ആഗ്രഹത്തിൻെറ ചിഹ്നങ്ങളായി അവ മിന്നിത്തിളങ്ങി. എല്ലാ കുടീരങ്ങളും മുടിയിൽ കുരിശു് ചൂടിയിട്ടുണ്ടു്. സ്വാത്ഥതാല്പര്യങ്ങൾ മലിമസമാക്കിയ ജീവിതശതങ്ങൾക്കുപോലും തണലേകുന്ന ആ കുരിശു് വിളംബരം ചെയ്യുന്ന ത്യാഗമോഹനമായ ചരിത്രം എന്നെ പുളകമണിയിച്ചു.

ഒരു കല്ലറ എന്നെ കൂടുതൽ ആകർഷിച്ചു. വെണ്മയേറിയ മാർബിൾകല്ലുകൾ പടുത്ത കലാഭംഗിതികഞ്ഞ ഒരു ശവകുടീരം! കാഴ്ചക്കാരൻെറ കണ്ണുകളെ ആകർഷിക്കുവാനും ആനന്ദിപ്പിക്കുവാനും അതിനുള്ള കഴിവൊന്നു വേറെയാണു്. അതിൽത്തന്നെ താഴ്ന്നുപോയ ദൃഷ്ടികൾ തിരിച്ചെടുക്കാൻ ഞാൻ നന്നേ വിഷമിച്ചു. അതിനുള്ളിൽ ദീർഘനിദ്രയിലാണ്ടിരിക്കുന്ന അസുലഭഭാഗ്യശാലിയെപ്പററി ഞാൻ ആലോചിക്കുകയായി. പണവും പ്രതാപവും വേണ്ടതിലധികം നേടിയ ഭാഗ്യവാൻ. പുത്രമിത്രാദികളുടെ പരിചരണം നിർല്ലോഭം ലഭിച്ചിരിക്കും. ശവകുടീരംതന്നെ ഇത്രമാത്രം അഭികാമ്യമായ നിലയ്ക്കു് ആ ജീവിതത്തിൻെറ ആസ്വാദ്യത എത്രമാത്രമായിരുന്നിരിക്കണം! ആ മനുഷ്യൻെറ ഭാഗ്യാതിരേകത്തിൽ എനിക്കു് അത്ഭുതവും തെല്ലൊരസൂയയും തോന്നാതിരുന്നില്ല.

ഇരുട്ടിയിട്ടും ഞാൻ തിരിച്ചുപോരാൻ കൂട്ടാക്കാത്തതുകൊണ്ടു് സ്നേഹിതൻ ചോദിച്ചു: "എന്താ രാജൻ, ഇനിയും പോകാറായില്ലേ? മണി ഏഴരയായി!"

"ശരിയാണു്, ഞാൻ അക്കാര്യമേ അങ്ങു മറന്നു പോയി."

"ഇത്ര മറവിപറ്റാൻ കാരണമെന്താണാവോ ?''

"നോക്കൂ, ആ മാർബിൾപടുത്ത കല്ലറ കണ്ടില്ലേ?''

"അതു കണ്ടാൽപ്പിന്നെ കണ്ണെടുക്കാൻ തോന്നില്ല, ഇതുമതി നാസ്തികാണു്." 

"നോക്കൂ രോയി, എന്തൊരു ഭംഗിയാണതിനു്! ഏതാ ഭാഗ്യവാൻെറ കല്ലറതന്നെ, സംശയമില്ല."

"ഈശ്വരാ, ഇതുപോലൊരു ഭാഗ്യം ശത്രുവിനുപോലു മിനി കൊടുക്കരുതേ." റോയിയുടെ വാക്കുകളിൽ ഹൃദയ ഭിത്തികളിൽത്തട്ടിപ്പുറപ്പെട്ടുന്ന ഒരു യഥാൎത്ഥ പ്രാർത്ഥന യുടെ ആത്മാൎത്ഥത എനിക്കനുഭവപ്പെട്ടു. അപ്പോൾ മാത്ര മാണു് മുമ്പു പറഞ്ഞ വാക്കുകളെക്കുറിച്ചും ഞാനോൎത്തതു്

"അതു കണ്ടാൽപ്പിന്നെ കഞ്ഞിക്കരി നാസ്തിയാണു്!"

സ്നേഹിതനെക്കൊണ്ടു് അങ്ങനെ പറയിക്കത്തക്കവ ണ്ണം ആ കല്ലറയ്ക്കുപിമ്പിലുള്ള ദയനീയഭീകരമായ ചരിത്ര മറിവാൻ എനിക്കു് ആഗ്രഹംതോന്നി. ആ പൊരുത്തമില്ലാ ത്ത ജീവിതത്തെയും കല്ലറയെയുംപററി കൂടുതൽ മനസ്സിലാ ക്കുവാൻ എൻെറ ജിജ്ഞാസ ഔത്സുക്യം പ്രകടിപ്പിച്ചു.

"ഏതായാലും വരൂ, കഥപറയുന്നതു് നടന്നുകൊണ്ടു മാകാമല്ലോ," റോയി പറഞ്ഞു.

"അനുമതി," ഞാനും സമ്മതിച്ചു.

കാലുകൾ കല്പടികൾപിന്നിട്ടപ്പോൾ ഞാൻ പറഞ്ഞു.

"റോയി എന്തുപറഞ്ഞാലും, ഇത്ര ഭംഗിയുള്ള ഒരു ശവകുടീരം ഞാനിതിനുമുമ്പു് കണ്ടിട്ടില്ല."

"കാണുന്നവരെല്ലാം പറയുന്നതിതുതന്നെയാണു്."

"പിന്നെന്തേ, ഭാഗ്യവാനല്ലെന്നു റോയി പറഞ്ഞതു്?"

"ഭാഗ്യവാനല്ലെന്നു ഞാൻ പറഞ്ഞോ? ഭാഗ്യം കൂടി പ്പോയെന്നു പറകയായിരുന്നു."

"എന്താ റോയി, പറയുന്നെങ്കിൽ വേഗം പറയൂ. അ യാൾക്കു വല്ല മഹാരോഗവും പിടിപെട്ടിരുന്നോ?"

"ഒരു രോഗവുമില്ലായിരുന്നു—അല്ല, ഒരു മഹാരോഗം തന്നെയുണ്ടായിരുന്നു, മറെറാന്നുമല്ല പട്ടിണിക്കേടു്."

"പട്ടിണിക്കേടോ! കളിപറയാതിരിക്കൂ സ്നേഹിതാ."

എനിക്കല്പം ദേഷ്യവും തോന്നാതിരുന്നില്ല. കാര്യങ്ങ ളറിവാൻ വെമ്പൽകൊള്ളുകയാണു് എൻെറ ജിജ്ഞാസ. അപ്പോഴാണു് റോയി തമാശയുംകൊണ്ടു പുറപ്പെട്ടിരിക്കു ന്നതു്!

കളിയൊന്നുമല്ല രാജാ, നൂറുശതമാനവും നേരാണ് ആ മനുഷ്യൻ പട്ടിണികിടന്നുകിടന്ന് നരകിച്ചാണ് മരിച്ചതെന്നറിയാൻ പാടില്ലാത്ത ആരുംഈ സ്ഥലത്തെങ്ങുമില്ല."

"അയ്യോ! ഈ കല്ലറ പണികഴിപ്പിച്ച പണം മതിയായിരുന്നല്ലോ, ആ സാധുവിൻെറ അന്ത്യകാലം സുഖമായി കഴിയാൻ."

"അത്രയും വേണ്ട, അതിൻെറ നാലിലൊന്നു മതിയായിരുന്നു. എന്നുതന്നെയാണ് ഞങ്ങളുടെയൊക്കെ അഭിപ്രായം. പക്ഷേ, ആ ദ്രോഹിക്കും അതു തോന്നേണ്ടിയിരുന്നു."

"ആര്? മകനോ?"

"അതെയതെ, മകൻതന്നെ. ഇവനെയൊക്കെ മകനെന്നു പറഞ്ഞാലുണ്ട് മഹാപാപം!"

"പിന്നെ, ഇത്ര മികച്ച കല്ലറ കെട്ടിച്ചതെന്തിനാണോ?—"

"അതറിഞ്ഞുകൂടേ? പേരിന്—അല്ലാതെന്തിന്? തന്റെപിതാവിനുവേണ്ടി പണക്കാരനായ പുത്രൻ പണികഴിപ്പിച്ചതാണെന്നു പറയുമ്പോൾ ആരുതന്നെ ആ പുത്രൻെറ പിതൃഭക്തിയെ പ്രശംസിക്കയില്ല! ആ പിതാവിൻെറ സൗഭാഗ്യത്തിൽ അത്ഭുതപ്പെടുകയില്ല?—പക്ഷേ, അന്നത്തെ ആ കിടപ്പ്!—അതോർക്കുമ്പോൾ സങ്കടം തോന്നുന്നു. വെള്ളംപോലും കൊടുക്കാനാളില്ലാതെ—"

"രോയി അറിയുന്ന വീടാണ്, അല്ലേ" ഞാൻ ഇടയ്ക്കു കയറിചോദിച്ചു.

"കൊള്ളാം, അറിയുന്ന വീടെന്നോ? രാജൻ കണ്ടില്ലേ, ഞങ്ങളുടെ വീടിൻെറ നേരേ വടക്കുവശത്തൊരു—"

"ഓടുമേഞ്ഞ വലിയ കെട്ടിടമോ? ആ മട്ടുപ്പാവുള്ള—"

"അതേ, അതുതന്നെ. അതാണ് ആ ഭാഗ്യവാൻെറ വീട്."

"അയാളുടെ ഭാര്യയോ?"

"അവർ ഇത്രയും അനുഭവിച്ചില്ല."

"അവരുണ്ടോ മരിച്ചോ?"

"മരിച്ചുപോയി."

"അവക്ക് വേറെ മക്കളൊന്നുമില്ലേ, ആ ദ്രോഹിയെക്കൂടാതെ?—" ഞാൻ ചോദിച്ചു.

"ഒരുത്തൻകൂടിയുണ്ട്." റോയി പറഞ്ഞു. "അവൻ ഒരിക്കൽ പട്ടാളത്തിൽ ചേന്നു. പിന്നെ തിരിച്ചുവന്നിട്ടില്ല. ഒരു ചട്ടക്കാരത്തിയെ കെട്ടി അവളുടെകൂടെ കഴികയാണെന്നു കേട്ടു."

"ഏതായാലും ഇങ്ങനെയുള്ള മക്കളുണ്ടായാൽ വല്യ വശക്കേടില്ല. അപ്പോൾ—സ്വത്തൊക്കെ മൂത്ത മകനാണല്ലോ?" ഞാൻ തിരക്കി.

"അതെ."

"എന്നിട്ടും അവനിങ്ങനായിപ്പോയല്ലോ!"

"അപ്പോൾ രാജൻ ചെന്നു കണ്ടിരുന്നെങ്കിലോ—" റോയി പറഞ്ഞുതുടങ്ങി: "പലപ്പോഴും പട്ടിണിയാണ്. വല്ലപ്പോഴും എൻറമ്മയോ അയൽവക്കത്തുള്ള മററാരെങ്കിലുമോ വല്ല ആഹാരസാധനവും കൊണ്ടുചെന്നു കൊടുത്താലായി!

"ഒരു ദിവസം ഞാനങ്ങോട്ടു ചെന്നപ്പോൾ കണ്ട കാഴ്ച! മലത്തിലും മൂത്രത്തിലും കുഴഞ്ഞുകിടക്കുന്ന ഒരു പിണ്ഡം! എൻെറ രാജാ, വാസ്തവം പറഞ്ഞാൽ, സ്വന്തം വീട്ടിലെ കൊച്ചുകുഞ്ഞിനെപ്പോലും കൈകൊണ്ടു തൊടാൻ മടിക്കുന്ന ഞാൻ ആ വൃദ്ധനെ അന്നൊന്നു വൃത്തിയാക്കാൻ പെട്ട പാട്! അങ്ങനെ എത്ര ദിവസം! അതുതന്നെയോ? ഒന്നു ദാഹിച്ചാൽ; വിശന്നാൽ എല്ലാം അന്യരെ ആശ്രയിക്കേണ്ടിവരിക! അതും ആവുന്നകാലത്ത് ആവോളം പണിചെയ്തുണ്ടാക്കിയ വക നന്ദിയില്ലാതെയനുഭവിച്ചുകൊണ്ടു തൻെറമകൻ സുഖമായി ജീവിക്കുമ്പോൾ താൻ അനാഥനായി കഴിയേണ്ടിവരിക!—എന്തൊരു ദയനീയമാണെന്നോ

ത്തുനോക്കു. മക്കളില്ലാത്തവർക്കില്ലെന്നു സങ്കടപ്പെട്ടാൽ മതി. ഉള്ളതു് പിഴച്ചുപോയാൽ!––അതാണു പരമ സങ്കടം. അയാളുടെ ആദ്യത്തെ സ്ഥിതി അറിഞ്ഞാലേ അതിൻെറ ഭയങ്കരത വെളിപ്പെടൂ."

"അത്രയ്ക്കു കഷ്ടമായിരുന്നോ?"

"ആയിരുന്നെന്നോ?" റോയി തുടർന്നു: "നാലുസെൻറു സ്ഥലംപോലും സ്വന്തമായിട്ടില്ലാത്ത ഒരു ദരിദ്രൻെറ മകനായിപ്പിറന്ന അയാൾ ദാഹിച്ചും വിശന്നും നടന്നു് തൊഴിൽചെയ്തു. എന്തു ജോലിയും ചെയ്യാൻ മടിയില്ല. ഒരു ദിവസം വല്ലതുമൊരുനേരം ആഹാരം കഴിച്ചെങ്കിലായി. അങ്ങനെ ജീവിതംമുഴുവൻ പാടുപെട്ടു് അയാൾ സമ്പാദിച്ചതാണു് ഇന്നു് ആ ഗുരുത്വംകെട്ടവൻ അനുഭവിക്കുന്നതു്. ആ സ്വത്തുക്കളെല്ലാം തൻെറ പേരിലാകുന്നതുവരെ അവനൊരു 'നല്ലമോൻ' ആയിരുന്നു. അവൻെറ പിതൃഭക്തി അന്നൊക്കെ പ്രസിദ്ധവുമായിരുന്നു. അന്നു് അമ്മകൂടി എന്നോടു പറഞ്ഞിട്ടുണ്ടു്.

"എടാ, അക്കരേറ ചാക്കോച്ചനെ നോക്കി പഠിക്കു്. തന്തേം തള്ളേമെന്നുവെച്ചാലിത്രേമൊരു സ്നേഹമുണ്ടോ." അന്നു് അങ്ങനെ പറഞ്ഞ നാവുകൊണ്ടുതന്നെ ഇപ്പോൾ അമ്മ പറയാറുണ്ടു്, എത്ര കുബേരനായാലും ഇങ്ങനൊള്ളോനൊന്നുമൊരുകാലത്തും ഗൊണമൊണ്ടാകുമെന്നു് വിചാരിക്കേണ്ടാ എന്നു്.

"മരിക്കുമ്പോൾ അടുക്കലൊരെങ്കിലുമുണ്ടായിരുന്നോ, റോയി?"

"അയൽക്കാർ പലരുമുണ്ടായിരുന്നു," സ്നേഹിതൻ പറഞ്ഞു. "മരിച്ചെന്നറിഞ്ഞമാത്രയിൽ ആ മകനും പരിവാരങ്ങളും അണഞ്ഞെത്തി. പിതാവിൻെറ ശവശരീരം കുളിപ്പിച്ചു് വിശേഷവസ്ത്രങ്ങൾ ധരിപ്പിച്ചു് ഒരു ചന്ദനക്കട്ടിലിൽ കിടത്തി. ശവം കിടക്കുന്ന മുറിയിലെ സൗരഭ്യമോ, ഒന്നും പറയണ്ടാ"

KOTTAYAM PUBLIC LIBRARY KOTTAYAM

“അന്നത്തെ വിലാപയാത്ര ഒന്നു കാണേണ്ടതായിരുന്നു; ദിവ്യവൈദികന്മാരുടെ സാന്നിദ്ധ്യത്തിൽ വെള്ളിക്കുരിശുകളും അലുക്കിട്ടകുടകളും ബാൻറുമേളങ്ങളുമൊക്കെയായിട്ട്. കൂടെ നടന്ന ശോകമൂകനായ മകനെക്കണ്ട് അറിയാത്ത ആളുകളെല്ലാം പറഞ്ഞു: “മക്കളുണ്ടെങ്കിലിങ്ങനെ വേണം.” അതു കേട്ടുകൊണ്ടു കൂടെനടന്ന ഞാൻ പൊട്ടിച്ചിരിച്ചുപോയി. ചിരിച്ചുകഴിഞ്ഞപ്പോഴാണ് വിലാപയാത്രയാണല്ലോ എന്നോർത്തത്. പിന്നെയും ചിലർ പരേതനെപ്പററി പറയുന്നതുകേട്ടു: “ഭാഗ്യവാൻതന്നെ!”

ദയനീയമായ ആ ചരിത്രം ഹൃദയാന്തരാളത്തിൽ വിവിധവികാരങ്ങളുടെ കോളിളക്കം രചിക്കുന്നതിനിടയിൽ എൻെറ ചുണ്ടുകൾ അവജ്ഞയോടുകൂടി മന്ത്രിച്ചു: ‘ഭാഗ്യവാൻെറ കല്ലറ!’

# സങ്കല്പമേഖല

പന്ത്രണ്ടടിച്ചു് പത്തു മിനിട്ടായതേ ഉള്ളൂ. പതിവില്ലും നേരത്തെ രാജശേഖരൻ വീട്ടിലെത്തിക്കഴിഞ്ഞു. സുപരിചിതമായ പദവിന്യാസംകേട്ടു് ജാനു അടുക്കളയിൽനിന്നെത്തിനോക്കി. ഭർത്താവിനെ കണ്ടിട്ടു് ഒന്നു പുഞ്ചിരിച്ചു. ഉടനെതന്നെ തല പിൻവലിക്കയും ചെയ്തു.

ശേഖരൻെറ കണ്ണുകളിൽ എന്തോ ഇഷ്ടായ്മയുടെ രേഖകൾ തെളിഞ്ഞു. നന്നേ ക്ഷീണിച്ചാണു് വീട്ടിൽവന്നു കയറിയതു്. ഇപ്പോൾ ആ ക്ഷീണം പത്തിരട്ടിയായി വർദ്ധിച്ചു. അയാൾ തൻെറ മുറിയിൽ ചെന്നു് ഒരു ചാരുകസേരയിലേക്കു ചാഞ്ഞു.

"ഈ ജാനുവിൻെറ പെരുമാററത്തിൽ എന്തൊരു ശുഷ്കതയാണു്!" അയാൾ വിചാരിച്ചുതുടങ്ങി." ശ്വാസം മുട്ടിക്കുന്ന ശുഷ്കത! എന്നെ കണ്ടിട്ടു് മിണ്ടാനുള്ള ഭാവമേയില്ല. എല്ലാഭാര്യമാരും ഇങ്ങനെതന്നെയാണോ? ഒരിക്കലുമല്ല. ആ രമയുണ്ടല്ലോ, അവളെ—"

രമയെപ്പററി ചിന്തിച്ചപ്പോൾ ചിത്തം അവളിൽ ചെന്നുററുപോയതുപോലെ തോന്നി. വൈകിട്ടു് ഭർത്താവുവരുമ്പോൾ അവളുടെ ആഹ്ലാദം ഒന്നു കാണേണ്ടതാണു്! "ഹൊ! എന്തൊരു സ്നേഹമാണെന്നോ? മി. കമലേശ് നടയിലെത്തുമ്പോഴേക്കും ഭാര്യ ഓടിയടുത്തുചെന്നു് കുട വാങ്ങിക്കഴിഞ്ഞു. ടൈ അഴിക്കുന്നതും, കോട്ടു ഊരിയെടുത്തു് സ്റ്റാൻഡിലിടുന്നതും—എന്നു വേണ്ടാ ഷൂസ് ഴിച്ചെടുക്കുന്നതുംകൂടി അവൾതന്നെയാണു്. ഭർത്താവിൻെറ സുഖത്തിൻെറ സകല ചുമതലകളും അവൾക്കാണു്. മി. കമലേശിൻെറ ഭാഗ്യമാണു ഭാഗ്യം!"

ശേഖരൻെറ മനസ്സിൽ രമയെ ചുററിപ്പററി മധുരമധുരമായ ഭൂതകാലസ്മരണകൾ കരുത്തുയന്നുതുടങ്ങി. അതോടെ അയാൾ കനകക്കിനാവുകൾ ചൂഴ്ന്ന ഒരു കമനീയ

സ്വർഗ്ഗത്തിൽ പറന്നെത്തിയതുപോലെ ആനന്ദം അനുഭവിച്ചു.

മൂന്നുവർഷം മുമ്പാണു്. ശേഖരനും രമയും കാളേജിൽ പഠിക്കുന്ന കാലം. ചിന്തയും ചുമതലയുമില്ലാത്ത സുന്ദരമായ ജീവിതം. കാളേജ്കുമാരികളും കുമാരന്മാരും ശലഭങ്ങളെപ്പോലെ പാറിപ്പറന്നു ആടിപ്പാടി നടക്കുന്ന അഴകൊഴുകുന്ന സമയം. യൗവനം തൻെറ സകല സൗകുമാര്യങ്ങളുംകൊണ്ടു് യുവതീയുവാക്കന്മാരെ അലങ്കരിക്കുകയാണു്.

കാളേജ് സാഹിത്യസമാജത്തിൻെറ സെക്രട്ടറിമാർ രമയും രാജശേഖരനു ആയിരുന്നു. സമ്മേളനകാര്യങ്ങളെപ്പറ്റി പര്യാലോചിക്കുവാനും മററും ഉണ്ടായിരുന്നതിനാൽ അവക്കിരുവക്കും സംസാരിക്കുവാൻ വേണ്ടുവോളം സൗകര്യം ലഭിച്ചു. അങ്ങനെ അവർ കൂടുതൽ കൂടുതൽ അടുത്തു. പരിചയം അതിൻെറ ചരമസീമയോടടുത്ത കാലത്തായിരുന്നു കാളേജ് ഡേ. അന്തമില്ലാത്ത സന്തോഷത്തിൻെറ ഒരു തിരത്തള്ളൽ! അന്നു രാത്രി അഭിനയിക്കപ്പെട്ട നാടകത്തിലെ നായികാനായകന്മാരും രമാശേഖരന്മാർതന്നെ. അതു് കേവലമൊരു നാടകാഭിനയമായിരുന്നില്ല. ഇരുവരും നിശ്ചയിച്ചുറച്ച ഭാവിപരിപാടികൾ രംഗമഞ്ചത്തിൽ പ്രദർശിപ്പിക്കുകമാത്രമായിരുന്നു.

അഴകും ആരോഗ്യവും ആവുംവണ്ണമനുഗ്രഹിച്ച ആ പത്തൊൻപതുകാരി—രമ—കാളേജ്കുമാരന്മാരുടെ ഹൃദയങ്ങളിൽ വികാരത്തിൻെറ ഒരു കൊടുങ്കാററുതന്നെ ഉളവാക്കി. അവർ അവളെ 'കാളേജ്ബ്യൂട്ടി' എന്നു് അഭികാമ്യമായ അപരാഭിധാനം നല്കി ബഹുമാനിച്ചു. അന്നൊക്കെ രമയോടൊന്നു സംസാരിക്കുവാൻ, അവളാൽ ഒന്നു കടാക്ഷിക്കപ്പെടുവാൻ ഏതൊരു യുവാവുതന്നെ കാംക്ഷിച്ചില്ല! മിസ്സ് രമയുടെ പ്രേമഭാജനമായ രാജശേഖരൻ ആയുഃസഞ്ചയത്തിലെ ഏററവും വലിയ ഭാഗ്യവാനായിരുന്നു.

അക്കാലത്തൊരിക്കൽ രമയുടെ അഥിതിയായി ചെന്നതു് ശേഖരനോർത്തു. അന്നത്തെ സ്വീകരണത്തെപ്പററി എന്തുപറയട്ടെ! അത്ര രുചികരങ്ങളായ ആഹാരസാധനങ്ങൾ അതിനുമുമ്പു് അനുഭവിച്ചിട്ടില്ല. താനും രമയും ഒരുമിച്ചാണു് കാപ്പികുടിച്ചതു്. ആ കാപ്പികുടിയുടെ രസമോ! പലഹാരങ്ങൾ പരസ്പരം പകന്നു്, കഥകൾ പറഞ്ഞുപറഞ്ഞു്...ആ ഒരു കാപ്പികുടിക്കു് സുമാർ ഒന്നര മണിക്കൂർ ചെലവഴിച്ചു. അന്നു് ഭാവിയെപ്പററി എന്തെല്ലാം സ്വപ്നങ്ങൾ കണ്ടില്ല?

ചിന്തയിൽനിന്നുണന്നപ്പോൾ ശേഖരൻ എതിരെയുള്ള അട്ടക്കളമുറിയിലേക്കു നോക്കി. ജാനു വിയർപ്പിൽ കുളിച്ചുനിൽക്കുന്നു! എന്തൊരു വൃത്തികെട്ട ജന്തു!

രമ; ജാനു. രണ്ടുപേരും തമ്മിൽ എന്തു വ്യത്യാസം. രമ സ്വർഗ്ഗത്തിലെ അപ്സരസ്സു്. ജാനുവോ? നരകത്തിലെ പിശാചും!

ശേഖരൻെറ ശരീരമാകെ തളരുന്നതുപോലെ തോന്നി. ഒന്നു കിടക്കാമെന്നു കരുതി കട്ടിലിലേക്കു നോക്കി. തലയിണഉറ മുഷിഞ്ഞു നാറിയതാണു്. മെത്തവിരിയും അതുപോലെതന്നെ. അയാളുടെ ഉള്ളിൽ പറഞ്ഞറിയിക്കാൻ പാടില്ലാത്തവിധം വെറുപ്പു് ഉറഞ്ഞുകൂടി. അതു് അകത്തു് തിങ്ങിവിങ്ങി പുകപോലെ പുറത്തേക്കു വഴിഞ്ഞൊഴുകി.

"ജാനൂ!..." ആ ഭത്താവു വിളിച്ചു.

കക്ശമായ ആ സ്വരത്തിൻെറ നേരിയ തന്തുക്കളിൽ പിടിച്ചുപിടിച്ചെന്നവണ്ണം ജാനു കട്ടിലിൻെറ അരികിൽ വന്നു നിന്നു.

ശേഖരൻ അവളെ തുറിച്ചുനോക്കി. ഉന്തിനിന്ന ആ ഉണ്ടക്കണ്ണുകളിൽക്കൂടി അയാളുടെ ഹൃദയത്തിൻെറ മുക്കാലേ അരക്കാൽഭാഗവും വെളിയിലേക്കെത്തിനോക്കി.

വീണ്ടും അതികക്ശമായ ഒരു ശബ്ദം: "ജാനൂ—നീ രമയെ അറിയുമോ?"

ജാനു ഒന്നും പറഞ്ഞില്ല. ഭർത്താവിൻെറ കണ്ണുകളിലേക്ക് നോക്കുക മാത്രം ചെയ്തു. 'എനിക്ക് ആ ആട്ടക്കാരിയെ പിന്നറിഞ്ഞുകൂടെ? പക്ഷേ, നിങ്ങളിപ്പോൾ എന്താ പറയാൻ തുടങ്ങുന്നതു്?' എന്ന ഭാവം അവളുടെ നോട്ടത്തിൽ നിറഞ്ഞുനിന്നിരുന്നു.

ശേഖരൻ വീണ്ടും ചോദിച്ചു: "അറിഞ്ഞുകൂടെ? എന്നാലൊന്നറിയണം."

"എനിക്കറിയാം," ജാനു പറഞ്ഞു.

ക്രോധംകൊണ്ടു വിറയ്ക്കുന്ന സ്വരത്തിൽ അയാൾ വീണ്ടും പറഞ്ഞു: "നിനക്കറിഞ്ഞുകൂടാ, അറിയാമായിരുന്നെങ്കിൽ അവൾ എങ്ങനെയാണ് ജീവിക്കുന്നതെന്നും തൻെറ ഭർത്താവിനെ അവൾ പരിചരിക്കുന്നതെങ്ങനെയെന്നും നീ ഒന്നു പഠിക്കുമായിരുന്നു. നിന്നെപ്പോലെ വൃത്തികേടിൽ മുഴുകിക്കഴിയുകയല്ല രമ. നിന്നെപ്പോലെ വിയർത്തൊലിച്ച് നാറി നടക്കുകയല്ല അവൾ—എന്നാണാവോ നീയൊന്നു വൃത്തിയായി ജീവിക്കാൻ പഠിക്കുന്നതു്. നോക്കു, ഈ മെത്തവിരി. മുഷിഞ്ഞുമുഷിഞ്ഞു കറപിടിച്ചുതുടങ്ങി. എന്നിട്ടും അലക്കാനിട്ടിട്ടില്ല. ആകപ്പാടെ നാറുന്നു. വീറും വൃത്തിയും നീ ജനിച്ചനാട്ടിൽപോലുമില്ല." ഇത്രയും പറഞ്ഞിട്ട് ശേഖരൻ തലയിണയും മെത്തവിരിയും എടുത്ത് മുററത്തേക്ക് ഒരേറു കൊടുത്തു.

മുററത്തുവീണ സാധനങ്ങളിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് വിങ്ങുന്ന ഹൃദയവുമായി ജാനു അവിടെത്തന്നെ നിന്നു. ആ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നുണ്ടായിരുന്നു. എങ്കിലും അയാൾ കാൺകെ അവൾ കരഞ്ഞില്ല. ആ കണ്ണുനീർത്തുള്ളികൾ ഭർത്താവിൻെറ കോപാഗ്നിയെ വളർത്തുവാനുള്ള തൈലബിന്ദുക്കളായി തീർന്നെങ്കിലോ!

കുറച്ചുനേരത്തേക്ക് അവിടെ നിശ്ശബ്ദത നടമാടി.

ജാനു സ്കൂൾഫൈനൽ പരീക്ഷ പാസ്സായിനിൽക്കുമ്പോഴാണു രാജശേഖരനുമായുള്ള വിവാഹം നടന്നതു്. പിന്നീടവൾ പഠനം തുടർന്നില്ല.

ശേഖരനാണെങ്കിൽ രമയെത്തന്നെ ജീവിതസഖിയായി സ്വപ്നം കണ്ടുകൊണ്ടു കഴിയുകയായിരുന്നു. എന്നാൽ ബി. എ. ഡിഗ്രി സമ്പാദിച്ചതിനുശേഷം വെറുമൊരു പകത്തിയെഴുത്തുഗുമസ്തനായി പണിയെടുക്കുന്ന 'ഉശിരാറവ'ന്റെകൂടെ തങ്ങളുടെ ഓമനസന്താനത്തെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ രമയുടെ മാതാപിതാക്കൾക്കിഷ്ടമായിരുന്നില്ല. അങ്ങനെ അവൾ നല്ല വരുമാനമുള്ള മാന്യനായ ഒരു അദ്ധ്യാപകന്റെ—മി. കമലേശിന്റെ—സഹധർമ്മിണീപദം അലങ്കരിക്കുകയാണു്.

തന്റെ നിതാന്തസുന്ദരങ്ങളായ സങ്കല്പശതങ്ങൾക്കു് ഒരു ശവക്കല്ലറ പണിതുതീർക്കാനാണു് ജാനു തന്റെ ജീവിതത്തിലേക്കിഴഞ്ഞുകയറിവന്നതെന്നാണു് ശേഖരന്റെ ദൃഢവിശ്വാസം. അയാളുടെ പെരുമാററങ്ങളിൽ അന്നുമുതലിന്നുവരെയും വിവാഹംകഴിഞ്ഞുള്ള ഈ ഒന്നര വർഷക്കാലവും—ഈ വിശ്വാസം നന്നേ പ്രതിഫലിച്ചിരുന്നുതാനും.

പൂനിലാവുതിരുന്ന ഹേമന്തനിശകളിൽ ശബളവസ്ത്രാലംകൃതയും സർവാഭരണവിഭൂഷിതകളേബരയും ആയ പ്രേയസിയോടൊരുമിച്ചു് അംബരചുംബിയായ സമുന്നതസൗധത്തിന്റെ ചന്ദ്രശാലാതലത്തിൽ സ്വച്ഛന്ദം സല്ലപിച്ചിരിക്കുന്നതാണു് ശേഖരനിഷ്ടം. പക്ഷേ, ഈ ജാനു ഒരു സിനിമാതാരത്തെപ്പോലെ അണിഞ്ഞൊരുങ്ങി നടക്കുകയേ ഇല്ല. ജാനുവിന്റെ വേഷം! അതോർക്കുമ്പോൾതന്നെ അയാളുടെ ഉച്ചിമുതൽ ഉള്ളംകാലുവരെ വിറകൊള്ളുകയായി.

എന്നാൽ ഭർത്താവിന്റെ ഇഷ്ടത്തിനനുസരിച്ചു് ഭാര്യയ്ക്കൊരുങ്ങുവാനുള്ള കരുക്കൾ ആ വീട്ടിലുണ്ടോ എന്നു മാത്രം അയാൾ പലപ്പോഴും ആലോചിക്കാറില്ല. ഗുമസ്തപ്പണിതന്നെ ആ പച്ചപ്പരിഷ്കാരിക്കു പിടിച്ചിട്ടില്ല. ഒരു നല്ല സിനിമാനടനായി ഉയരണം, പട്ടണപ്രദേശങ്ങളിലെ ജനബഹുലങ്ങളായ വിശാലവീഥികളിൽക്കൂടി പുതിയ പുതിയ കാറുകൾ പറപ്പിച്ചു് സഞ്ചരിക്കണം, ഫ്രണ്ട്സീററിൽ

തന്റെ ഇടതുവശത്തുതന്നെ സുന്ദരിയായ പ്രേയസി ഇരിക്കുന്നുണ്ടായിരിക്കണം; ആധുനിക സുഖസജ്ജീകരണങ്ങളോടുകൂടിയ ഒരു മൂന്നുനിലമാളിക സ്വന്തമായിട്ടുണ്ടായിരിക്കണം—മററും മററുമുള്ള കാമിതങ്ങളെല്ലാം കടപുഴകിവീണു കരിഞ്ഞു ചാമ്പലായിപ്പോയി.

ഇന്നു് വാടകക്കെട്ടുത്ത മൂന്നു മുറിയുള്ള ഒരു ചെറിയ കെട്ടിടത്തിലാണു താമസം. ഭാര്യയോ വൃത്തികേടിന്റെ കൂട്ട്.

'അവൾക്കെന്തുകൊണ്ടു് ഒരു സിനിമാതാരത്തെപ്പോലെ നടന്നുകൂട?' ശേഖരന്റെ ഉള്ളിൽ സദാസമയവും ഉയൻുപൊന്താറുള്ള ഒരേ ഒരു ചോദ്യമാണിതു്.

ജാനു! പാവം! അവളും ഒരു സ്ത്രീയാണു്. നല്ല നല്ല സാരികളുടുക്കുന്നതും, പുതിയ പുതിയ ബ്ളൗസുകളിടുന്നതും, അമൂല്യങ്ങളായ ആഭരണങ്ങളണിയുന്നതും അവൾക്കും ഇഷ്ടമാണു്. കഴുത്തിനും കൈക്കും കസവുകിന്നരിതുന്നിയ സില്ക്കുചോളിയും അതിനു 'മാച്ച്' ചെയ്യുന്ന സാരിയും നെക്ലസും അണിഞ്ഞു് യുവസുഭഗനായ ഭർത്താവൊന്നിച്ചു് നാടകത്തിനും സിനിമക്കും പോകുവാൻ ഒരു 'കൊച്ചുസുന്ദരിചമഞ്ഞു' നടക്കുവാൻ മിക്ക സ്ത്രീകളെയുംപോലെ അവൾക്കും ആഗ്രഹമില്ലായ്കയില്ല.

വിവാഹത്തിനുശേഷം കുറച്ചുനാൾ ജാനുവും ഭർത്താവിന്റെ താളത്തിനൊപ്പിച്ചു തുള്ളി. എന്നാൽ അറുപത്തൊമ്പതു രൂപാ ശമ്പളക്കാരന്റെ ഭാര്യക്കു് അത്രയധികം ആഡംബരത്തിനുള്ള വകയില്ലെന്നും ഇങ്ങനെ കഴിഞ്ഞാൽ കുമിഞ്ഞുകൂടുന്ന കടമായിരിക്കും ബാക്കി വരുന്നതെന്നും അറിഞ്ഞ അവൾ സ്വേച്ഛാപൂർവം ഇതൊക്കെ വെടിയുകയാണുണ്ടായതു്. അങ്ങനെ പകുതിപൂരട്ടിയ ഫേസ്ക്രീം അതേമട്ടിലിരുന്നു് ഉണങ്ങിപ്പോയി. ഇരുന്നിരുന്നു് പൗഡറിന്റെ പരിമളം പറന്നുപോയി. അന്നു വാങ്ങിയ ഹെയർ ആയിൽ ഇന്നിയും ബാക്കിയിരിക്കുന്നു.

ഈയിടെ ടോയ്ലററുസോപ്പ് പോകട്ടെ, വാഷിംഗ് സോപ്പുപോലും ആ വീട്ടിലില്ല. അവൾ പലപ്പോഴും ഭർത്താവിനോടു പറഞ്ഞു: "എനിക്കു് ഈ ഉടുത്തിരിക്കുന്ന സാരിയേ ഉള്ളൂ. പെട്ടിയിൽ വിവാഹസാരി മാത്രമാണു ള്ളതു്. ഇതൊന്നു കഴുകിയിടാൻപോലും സോപ്പില്ല. അല ക്കുകാരനു നാലേമുക്കാൽ രൂപ കൊടുക്കാനുണ്ടു്. സുഖക്കേ ടായി കിടക്കുന്ന കൊച്ചിനു് മരുന്നു വാങ്ങാൻ പണം വേ ണമെന്നുംപറഞ്ഞു് അയാൾ ഇന്നും ഇവിടെ വന്നു. ഇന്നാ ളിൽ വാങ്ങിയ അരിയും സാമാനവുമൊക്കെ തീർന്നു. ഇ പ്പോൾ അയല്ക്കാർക്കൊക്കെ ഞാൻ കടക്കാരിയുമായി," എ ന്നൊക്കെ. പക്ഷേ, ശേഖരൻ ഇതൊന്നും കേട്ടതായിപ്പോ ലും നടിച്ചില്ല.

വൃത്തികേടു് കാരണം പറഞ്ഞു് വീണ്ടും അയാൾ അ വളെ ശകാരിക്കമാത്രം ചെയ്തു. "സോപ്പില്ലപോലും: സോ പ്പൊന്നുമില്ലാഞ്ഞിട്ടല്ല. ഇതു് നിൻെറ സ്വഭാവമാണു്."

"നിവൃത്തികേടുകൊണ്ടാണു്—" അവൾ വിനീതയാ യി പറഞ്ഞു.

"അല്ലല്ല, ഒരിക്കലുമല്ല. നീ ആ രമയെ നോക്കു. എ ന്തൊരു വൃത്തി! എന്തൊരടുക്കു്! എപ്പോഴും നല്ല രാജകു മാരികളെപ്പോലെ! നല്ല തങ്കംപിടിച്ച സ്വഭാവം. എന്തി നുപറയുന്നിതൊക്കെ? എല്ലാം എൻെറ വിധി!"

ഒരു സ്ത്രീ എന്തും സഹിക്കും. ഭർത്താവിൻെറ ശകാര മോ പ്രഹരമോ തിരസ്കാരമോ തന്നെയും. എന്നാൽ തൻെറ പ്രിയതമൻ തൻെറ മുമ്പിൽ വച്ചു് തൻെറ കാതിനുകേൾ ക്കത്തക്കവണ്ണം മററാരു സ്ത്രീയുടെ ഗുണഗണങ്ങൾ വർണ്ണി ക്കുക — അവളെ സൗന്ദര്യറാണിയായി ചിത്രീകരിക്കുക— ഇതു് ഒരു ഭാര്യയ്ക്കും സഹിക്കാനാവില്ല. ജാനുവിൻെറയും അനന്യസാധാരണമായ ക്ഷമാശക്തി നശിച്ചുതുടങ്ങി.

"രമയെ കൊണ്ടുവന്നു പൊറുപ്പിച്ചുകൊള്ളണം." അ വൾ പറഞ്ഞു.

"ലജ്ജയില്ലല്ലോ—"

"അതേ, അതു ഞാൻ പറയേണ്ടതാണ്. എങ്കിൽ അന്വേഷിക്കാൻ ചുണയില്ലാതെ ഇങ്ങനെ വിട്ടുവാ പറക യില്ലായിരുന്നു. ചക്രവത്തിയുടെ ഭാവമുണ്ട്; കാൽ പൈസ പോലും കൈയിലില്ലെന്നുമാത്രം."

"ജാനു!—" ശേഖരനു കലികയറി. അയാൾ ഉച്ച ത്തിൽ നീട്ടിവിളിച്ചു.

"അതെ, നേരാണു ഞാൻ പറഞ്ഞതു്." അവളും വിട്ടുകൊടുത്തില്ല.

"ഞാനൊരു മൃഗമായി മാറും."

"ഇതിൽ കൂടുതലോ—?"

ശേഖരൻ ചാടി എഴുനേററു. അതിനുമുമ്പ് അവൾ വാതിൽ ചാടി ഓടിക്കളഞ്ഞു.

അവൾ അടുക്കളയിൽ കയറി. കതകിനു സാക്ഷയി ട്ടു. ഇതുവരെ അമത്തിവച്ചിരുന്ന കണ്ണുനീർ ഇപ്പോൾ അവ ളുടെ അനുവാദം കൂടാതെതന്നെ അടന്നുവീണൊഴുകിത്തുട ങ്ങി. അവളുടെ ഹൃദയം അലിഞ്ഞുപോയി. കരഞ്ഞുകര ഞ്ഞു് കണ്ണുതോന്നപ്പോൾ അവൾ തൻെറ സാരിയിൽ നോ ക്കി. അതു തീരെ മുഷിഞ്ഞതാണ്. ഒരുപക്ഷേ, വിയർ പ്പു നാറുന്നുമുണ്ടാവാം. ഇത്രതന്നെ അഴക്കു പിടിച്ചിട്ടില്ലാ ത്ത ഒരു മുണ്ടുടുത്തുകൊണ്ട് അടുക്കളയിൽ നിന്നതിനാ ണ് മുമ്പ് താൻതന്നെ ഒരു വേലക്കാരിയെ പുറത്താക്കിയ തു്. അതെപ്പോൾ? അന്നു് അച്ഛനുണ്ടായിരുന്നു. വാത്സ ല്യനിധിയായ ആ പിതാവു് ഇന്നെവിടെ? വത്സലപുത്രി യുടെ വിവാഹത്തിനുമുമ്പുതന്നെ അദ്ദേഹം മരിച്ചുപോയി രുന്നു. അതോത്തപ്പോൾ വീണ്ടും അവൾ പൊട്ടിക്കരഞ്ഞു പോയി.

പ്രാണാധികപ്രിയനായ ഭത്താവിനെ പിണക്കണ മെന്നു് ജാനുവിനു വിചാരമില്ല. വൃത്തികെട്ട നടക്കുക—അ വൾക്കൊട്ടിഷ്ടവുമല്ല; ഭത്താവിൻെറ കൺമുമ്പിൽ തൻെറ

ആകാരം ആവുന്നത്ര ആകർഷകമാക്കി കാണിക്കുവാൻ അ വൾക്കു് ആഴമേറിയ ആഗ്രഹമുണ്ടുതാനും. പക്ഷേ, എന്തു ചെയ്യാനാണു്?

ഈ ഒന്നരക്കൊല്ലത്തിനിടയിൽ അവൾ ഭത്താവിനെ തിരായി ഒരൊറ്റവാക്കുപോലും ഉച്ചരിച്ചിട്ടില്ല. എന്നാൽ ഇന്നു്, അന്യൻെറ ഭാര്യയായ രമയുടെ ഗുണഗണങ്ങളോ ത്തു് വായിൽ വെള്ളമൂറുന്ന ഭാത്താവിന്റെ ശകാരങ്ങൾ സ ഹിക്കാൻ അവൾ തികച്ചും അശക്തയായിരുന്നു. എങ്കിലും അങ്ങനെ പറഞ്ഞുപോയതിൽ അവൾ പശ്ചാത്തപിച്ചു.

തൻെറ നില ആലോചിക്കാതെ വത്തമാനം പറയുന്ന ഭത്താവിൻെറ ഓചിത്യമില്ലായ്മയിൽ അവൾക്കു സഹ താപമാണുള്ളതു്.

ശമ്പളമോ ആകെ 69 രൂപ. അതു കിട്ടിയാലുടൻത ന്നെ ഹൈസ്കൂളിൽ പഠിക്കുന്ന അനുജനു് 6 രൂപാ അയച്ചു കൊടുക്കണം. ചിലപ്പോൾ ആ ആറുതന്നെ ഗെയിംഫീസും ലൈബ്രറിഫീസും അതുമിതുമൊക്കെയുൾപ്പെടെ ഏഴും ഏഴ രയും ആയേക്കാനും മതി. രണ്ടു മുറിയും ഒരു ചെറിയ ചായി പ്പും മാത്രമാണുള്ളതെങ്കിലും ആ വീടിനും പ്രതിമാസം എട്ടു രൂപ വാടകകൊടുക്കണം. വിറകിനു് മാസംതോറും ശരാ ശരി 7 രൂപയാകുന്നുണ്ടു്. ശേഖരൻ ചായകുടിക്കുന്നവക യിൽ മൂന്നുനാലുരൂപയെങ്കിലും ചേരാകും. മിക്കവാറും എ ല്ലാദിവസവും അതിഥികളായി ആരെങ്കിലും കാണും—ഭ ത്തൃമാതാവോ സഹോദരിയോ അനുജനോ ഒക്കെ. അവ രോരോരുത്തരും ഓരോ അത്യാവശ്യവും കൊണ്ടായിരിക്കും ഉദ്യോഗസ്ഥനായ മകനെയും സഹോദരനെയും ചേട്ടനെയും സമീപിക്കുക. അവരെ തൃപ്തിപ്പെടുത്തുക വിഷമംപിടിച്ച സംഗതിയാണു്. ഇതെല്ലാം കഴിഞ്ഞു ബാക്കിവരുന്നതു കൊണ്ടുവേണം മരുന്നും മാറ്റവും അലക്കും ആഡംബരവും ഉൾപ്പെടെയുള്ള വീട്ടാവശ്യങ്ങളൊക്കെ നടത്തുവാൻ. അ നുദിനം വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ! അഗാധങ്ങളായ

അഭാവങ്ങൾ!—സർവ്വോപരി ആഡംബരപ്രിയനായ ഭത്താവിൻെറ ഹൃദയമില്ലാത്ത പെരുമാററങ്ങൾ! ഇവയെല്ലാം ജാനുവിൻെറ ജീവിതം സഹതാപാർഹമാക്കിത്തീത്തിട്ടുണ്ട്.

ശേഖരൻ ഉച്ചക്കുണ്ണാതെ ഇറങ്ങിപ്പോയി. രാത്രിയിലും വളരെ വൈകിയാണു വന്നതു്. അന്നു് ആരുമാരും ഭക്ഷണമൊന്നും കഴിച്ചില്ല, പിറേറദിവസവും പൂവ്വാകാശത്തിൽ വെള്ളവീശുന്നതിനുമുമ്പുതന്നെ അയാൾ എവിടെയോ പൊയ്ക്കളഞ്ഞു. ഉച്ചക്കു വന്നപ്പോൾ ജാനു ശാന്തമായ അപേക്ഷാസ്വരത്തിൽ ചോദിച്ചു: "ചോറു വിളമ്പട്ടെ?"

അയാൾ ചൈതന്യമററ മിഴികൾകൊണ്ടു് ജാനുവിനെ നോക്കി. ജാനു! രമ!—രണ്ടും സ്ത്രീകളാണുപോലും! രണ്ടും ഭാര്യമാരും! ഒരുവൾ പാതാളത്തിലെ പാഴ്ച്ചെളിക്കണ്ടിലും, മററവൾ നന്ദനവനത്തിലെ പൂമ്പിലാവിലും പിറന്നതാണു്. രമ തൻെറ ഭത്താവിൻെറ അടുക്കൽ ചെന്നു് അയാളുടെ മുടിയിൽ പ്രണയപൂവ്വം തൻെറ കൈവിരലുകൾ ഓടിച്ചുകൊണ്ടു പറയും: "ഒന്നു വേഗം വരുന്നെ, ഒരിക്കൽ രുചിച്ചുനോക്കിയാൽ എനിക്കു നല്ല പ്രസൻറു വല്ലതും തന്നുപോകും. അത്രക്കു നല്ല പലഹാരങ്ങളാണു് ഞാനിന്നു് ഉണ്ടാക്കിയിരിക്കുന്നതു്."

"ഹൊ! ഈ സത്വത്തിനതൊന്നുമറിഞ്ഞുകൂട."

"ചോറു വിളമ്പട്ടെ."കാതരമായ ആ സ്വരം ഒരിക്കൽക്കൂടി ഉയന്നു.

ശേഖരൻ വിചാരിച്ചു: 'ഒരു യുവതിയുടെ സ്വരം ഇത്ര നീരസമാകുന്നതെങ്ങനെ?'

അയാൾ ഒരു തേളിൻെറ ദൃഷ്ടിയോടുകൂടി ഭാര്യയെ നോക്കി പറഞ്ഞു: "അടുത്തുവരൂ."

ജാനു കുറെക്കൂടി അടുത്തുനിന്നു.

"നിൻെറ ഉള്ളിലെ സ്നേഹവും പ്രണയവും ചൈതന്യവും—എല്ലാമങ്ങു മരവിച്ചുപോയോ?" അയാൾ ചോദിച്ചു. ജാനു വിവശയായി. അവൾ മൗനമവലംബിച്ചു.

"എന്താ, ഒന്നും മിണ്ടാത്തതു്?" ഈ ചോദ്യത്തിൽ പരിഹാസത്തിൻെറ ചുവയുണ്ടായിരുന്നു.

ശേഖരൻ അന്നും ഊണുകഴിച്ചില്ല. അയാൾ പെട്ടെന്നു് പെട്ടിതുറന്നു് അലക്കിയ ഒരു മുണ്ടെടുത്തു. ജൂബ്ബാ ഇട്ടുകൊണ്ടു പുറത്തേക്കിറങ്ങുമ്പോൾ ജാനമ്മയെ നോക്കി പ്പറഞ്ഞു: "നീ ഉണ്ടുകൊള്ളൂ."

പടിയിറങ്ങിപ്പോകുന്ന ഭത്താവിനെ ഒരു നിമിഷം നോക്കിനിന്നിട്ടു് ജാനു കിടക്കയിൽ ചെന്നുവീണു.

ശേഖരൻ നടന്നു നടന്നു് ഒരിടത്തുചെന്നു നിന്നു. നോക്കിയപ്പോഴുണ്ടു് രമയുടെ സുന്ദരമായ പുതിയ ബംഗ്ലാവു് കൺമുമ്പിൽ തലയുയത്തി നില്ക്കുന്നു. അയാൾ അങ്ങോട്ടു കയറി. പണക്കൊഴുപ്പിൻെറ പാടുകൾ അവിടെയെങ്ങും കാണപ്പെട്ടുന്നുണ്ടു്. നല്ല വായുസഞ്ചാരമുള്ള വിശാലങ്ങളായ മുറികൾ. വെൺകളിവീശുന്ന ചുമരുകളിൽഘടിപ്പിച്ചിട്ടുള്ള വർണ്ണചിത്രങ്ങൾ. അനവധി ഫോട്ടോകൾ. പച്ചപ്പരവതായി പരന്നൊഴുകുന്ന മിനുസമേറിയ തറ. അവിടവിടെ പുഷ്പലതാദികൾ തുന്നിയ കുഷ്യനിട്ട കസേരകളും അലങ്കരിച്ച വട്ടമേശകളും. സോഫകളാണെങ്കിൽ കാണുമ്പോൾ ത്തന്നെ ക്ഷീണം തീക്കുന്നവ. ആ ഗൃഹത്തിൻെറ അധീശചാരിയോ—ചേതോഹാരിണിയായ രമയും! അമരലോകത്തിൽ ചെന്നകപ്പെട്ട പ്രതീതിയുണ്ടായി ശേഖരനു്.

രമ ഒരു നോവലും വയിച്ചുകൊണ്ടു് സോഫയിൽ അങ്ങനെ കിടക്കുന്നു. സഹപാഠിയെ കണ്ടപ്പോൾതന്നെ പുസ്തകം വലിച്ചെറിഞ്ഞു കൈപ്പിടിച്ചു് സോഫയിലിരുത്തി താനുമിരുന്നു. വേലക്കാരിയെ വിളിച്ചു് ചായയ്ക്കു് ഓർഡർചെയ്തു. കുശലപ്രശ്നങ്ങൾക്കിടയിൽ രമ ചോദിച്ചു:

"എന്താ, മിസ്സിസ്സ് ശേഖരിനു് സൗഖ്യമല്ലേ?"

"ആരറിയുന്നതൊക്കെ." അലക്ഷ്യമായ മറുപടി.

"ഇന്നെന്തോ പിണക്കത്തിലാണു്!" ചിരിച്ചുകൊണ്ടു് രമ പറഞ്ഞു:

'ഓ, ഷിണക്കം!...ജീവിതം തുലഞ്ഞു.' നൈരാശ്യ ഭരിതനായി ശേഖരൻ ആത്മഗതം ചെയ്തു.

കുറച്ചുനേരം കഴിഞ്ഞു് അയാൾ ചോദിച്ചു: "മി. കമലേശ് ഇവിടില്ലേ?...." "ഇല്ല, വീട്ടിലേക്കു പോയിരിക്കുകയാണു്. ഇന്നിവിടെ എൻെറ സാമ്രാജ്യമാണു്!" മനം മയക്കുന്ന മന്ദഹാസത്തോടുകൂടി രമ പറഞ്ഞു.

ആ മന്ദഹാസത്തിൽ ശേഖരൻെറ മനസ്സു് പിടഞ്ഞു. അയാൾ രമയെത്തന്നെ നോക്കിക്കൊണ്ടിരുന്നു. ഇതിനിടയിൽ ചായയും പലഹാരങ്ങളും എത്തിക്കഴിഞ്ഞു.

"എന്താണിത്ര നോക്കാൻ?" രമ ചോദിച്ചു.

"രമയെ നോക്കിക്കൊണ്ടിരുന്നാൽ മതിവരില്ല."

"ആഹാ, അത്ര വലിയ 'ബ്യൂട്ടി'യാണോ?"

"സംശയമെന്താ? രമയെക്കാൾ സുന്ദരിയായി..."

"വേണ്ടാ, വേണ്ടാ. മുഖസ്തുതിയൊന്നും വേണ്ട."

"മുഖസ്തുതിയല്ല—"

"പിന്നെ—?"

"എൻെറ രമേ!—" ശേഖരൻെറ വൈവശ്യം മുഴുവൻ ആ വിളിയിൽ പ്രതിഫലിച്ചു.

ആവശ്യമില്ലാത്ത ഈ വൈവശ്യത്തിൻെറ മുതലെടുക്കാൻതന്നെ ഉറച്ചുകൊണ്ടു് രമയും വിളിച്ചു: "എൻെറ ശേഖർ!"

"രമേ!" വീണ്ടും ശേഖറിൻെറ ശബ്ദം. അതു് വളരെ ദൂരെ ഏതോ ശവക്കല്ലറയുടെ ഉള്ളിൽനിന്നു് പുറപ്പെടുന്നതുപോലെ തോന്നി.

"രമേ, നാം ബി. എ. പാസ്സായതിൽപ്പിന്നീടുള്ള മൂന്നു കൊല്ലക്കാലത്തിൽ രമ ഒന്നും ചിന്തിച്ചിട്ടില്ലേ?"

"കൊള്ളാം! എന്തെല്ലാം ചിന്തിച്ചിട്ടുണ്ടെന്നോ?"

"പറയൂ, പറയൂ, എന്തെല്ലാം?" ഉത്സുകതയോടെ ശേഖർ ചോദിച്ചു.

"ഇതെല്ലാം ഇട്ടെറിഞ്ഞു വല്ലയിടത്തും ഓടിപ്പോകട്ടേ എന്നുവരെ." ശേഖരൻെറ അന്തർഗ്ഗതം അറിഞ്ഞ രമ പറഞ്ഞു.

"രമേ, ശരിതന്നെയോ! ഞാനും ഇതുതന്നെയാണു് ആലോചിക്കുന്നതു്."

"നിങ്ങൾ പുരുഷനല്ലേ? എന്തുകൊണ്ടു് വിചാരിക്കുന്നതുപോലെ ചെയ്തുകൂടാ?"

"രമ കൂടെ വരുമോ?"

"എന്നെയും കൊണ്ടുപോകുമോ?" അവൾ തുളച്ചുകയറുന്ന വീക്ഷണങ്ങൾ അയാളിൽ അർപ്പിച്ചുകൊണ്ടു് ആരാഞ്ഞു.

"തീർച്ചയായും."

"ധൈര്യമില്ല. ഇപ്പോഴെന്നെക്കണ്ടപ്പോൾ ഇതെല്ലാമങ്ങു തട്ടിവിട്ടെന്നുമാത്രം, അല്ലേ?"

"അതൊന്നുമല്ല."

"എന്നാൽ പോകാം, ഞാനിതാ ഒരുങ്ങിക്കഴിഞ്ഞു."

രമ അകത്തേക്കു പോയി. അഞ്ചുമിനിട്ടുകഴിഞ്ഞു തിരിച്ചുവന്നു. ശേഖർ അവളെ നോക്കി മിഴിച്ചിരുന്നുപോയി. കസവുബോർഡർ പിടിപ്പിച്ച പിംഗലവർണ്ണത്തിലുള്ള ഒരു സില്ക്കുസാരി. അതിനു യോജിച്ച ചോളി. കഴുത്തിൽ രത്നംപതിച്ച ഒരു നെക്‌ലസുമാത്രം. ഇടതുകൈത്തണ്ടിൽ ഒരു സ്വർണ്ണറിസ്റ്റുവാച്ചു്. വലതുകൈയിൽ ഒരു ഡസൻ കനകകങ്കണങ്ങൾ. മുടി ഇരുവശത്തേക്കു പിന്നിയിട്ടിരിക്കുന്നു. ആ വേഷത്തിൽ രമയുടെ സൗന്ദര്യം പത്തിരട്ടി വർദ്ധിച്ചതുപോലെ തോന്നി.

"എന്നാലിറങ്ങാം," അവൾ ക്ഷണിച്ചു. "ഞങ്ങളുടെ കാർ ഇവിടെത്തന്നെയുണ്ടു്. അതിൽ റെയിൽവേസ്റ്റേഷൻ വരെ പോകാം."

ശേഖരനു് എന്തോ ഒരു അരുതായ്ക. രമ പറഞ്ഞതിൽ വിശ്വാസം തോന്നിയില്ല.

"സത്യം—?"

"രമയ്ക്കു് അസത്യം അറിഞ്ഞുകൂടാ," അതു പറയുമ്പോൾ അവളുടെ കവിൾത്തടം കൂടുതൽ തുടുത്തിരുന്നു.

ഇരുവരും കാറിൽ കയറി. രമതന്നെ കാറോടിച്ചു. ശേഖരൻ രമയുടെ, ഇടതുഭാഗത്തു മുൻസീററിൽ ഇരുന്നു. ആ യാത്രശേഖരിനെ ആത്മാനന്ദത്തിന്റേതായ ഒരു അലൗകിക മണ്ഡലത്തിൽ എത്തിച്ചു. അവൻ സ്റ്റേഷനിലെത്തി.

മദ്രാസിനുള്ള ട്രെയിൻ പുറപ്പെടാൻ ഇരുപതു മിനിട്ടു താമസമേയുള്ളു.

"മദ്രാസിനുള്ള രണ്ടു ഫസ്റ്റ്ക്ലാസ്സ് ടിക്കററെടുത്തു കൊണ്ടുവരു ശേഖർ—" രമ പറഞ്ഞു.

പ്രജ്ഞയററവനെപ്പോലെ ശേഖരൻ കാറിൽത്തന്നെ ഇരുന്നു. രമ വീണ്ടും പറഞ്ഞു: "നോക്കു, ട്രെയിൻ വിടാറായി, മദ്രാസ്സിൽ ചെന്നു് ഒരു മാസം താമസിച്ചിട്ടു് നമുക്കു് ഭാവി പരിപാടി രൂപീകരിക്കാം. വേഗം പോയി ടിക്കററെടുക്കുക."

ശേഖരൻ ലജ്ജകൊണ്ടും സങ്കടംകൊണ്ടും ഒരു ശവത്തേപ്പോലെയായിത്തീർന്നിരുന്നു.

രമ പിന്നേയും നിർബ്ബന്ധിച്ചു.

"രമേ,....എന്റെ കൈവശം...ഒന്നേമുക്കാൽ രൂപയേ ഉള്ളു." ശേഖരൻ ഒരു തരത്തിൽ പറഞ്ഞു തീർത്തു.

"അതു മുഴുവൻ വേണ്ടല്ലോ! ..." രമയുടെ സ്വരത്തിൽ പരിഹാസം നിറഞ്ഞു തുളുമ്പി നിന്നിരുന്നു.

അവൾ പെട്ടെന്നു ഭാവമൊന്നു മാററിയിട്ടു പറഞ്ഞു:

"എന്നാൽ മി. ശേഖർ ഒരു കാര്യം ചെയ്യു. എങ്ങനെയെങ്കിലും പണമുണ്ടാക്കാതെ നമുക്കു ജീവിക്കുവാൻ പററുമോ? ഞാൻ ഒന്നുപറയാം, അതുപോലെ ചെയ്യുമോ?"

"ചെയ്യാം."

"തീർച്ചയായും?"

"തീർച്ചയായും."

"എന്നാൽ, അതാ അങ്ങോട്ടു നോക്കു. ആ ഇൻറർക്ലാസ്സ് കമ്പാർട്ടുമെൻറിനരികെ നിൽക്കുന്ന മനുഷ്യനില്ലേ. അയാൾ ഒരു സ്വർണ്ണവ്യാപാരിയാണു്. ഞാൻ

അറിയും. ഇപ്പോൾ മദ്രാസ്സിന്നു പോകാൻ നില്ക്കുകയാണു് അയാളെ 'കാച്ചി'യാൽ രണ്ടുലക്ഷംരൂപയ്ക്കു് ഒരു പ്രയാസവുമില്ല. പക്ഷേ, വളരെ നയത്തോടു്, വളരെ സൂക്ഷിച്ചു്, ആരുമറിയാതെ വേണമെന്നു മാത്രം. ഞാൻ തൽക്കാലം വീട്ടിൽ പൊയ്ക്കൊള്ളാം. യാത്ര നാളെയാക്കാം. പണവുംകൊണ്ടു വരു." രമ ശേഖരന്റെ ചെവിയിൽ രഹസ്യമായി പറഞ്ഞു.

ശേഖരൻ ഒന്നു ഞെട്ടി. ഒരടി മേലോട്ടു കിളർന്നതുപോലെ തോന്നി. രമയാണോ ഇപ്പറയുന്നതു് എന്നു തീർച്ചപ്പെടുത്തുവാനെന്നതുപോലെ കഴുത്തുയർത്തി അവളുടെ കണ്ണിലേക്കു നോക്കി.

"ഇതിലിത്ര അത്ഭുതമെന്താ, അല്ലാതെ പണം എങ്ങനെ കിട്ടും?"

"രമേ," ശേഖരന്റെ വിളി പരമദയനീയമായിരുന്നു.

"നിങ്ങളെക്കൊണ്ടു് അതും സാദ്ധ്യമല്ല?"

"ഇതൊഴിച്ചു്...മറെറന്തുവേണമെ..."

"എന്റെ ശേഖർ, നിങ്ങൾ മിണ്ടാതിരിക്കൂ. എന്നെയുംകൊണ്ടു് ഒളിച്ചോടാൻ നിങ്ങൾക്കുകഴിവില്ലെന്നു് എനിക്കറിഞ്ഞുകൂടെ? അല്ലെങ്കിൽ ഇത്ര ധൈര്യമായി നിങ്ങളുടെ കൂടെ വരുമായിരുന്നോ? അതുകൊണ്ടു്, ദയവായി നിങ്ങളൊരു കാര്യം ചെയ്യൂ. ഞാനും അറിയുന്നുണ്ടു് നിങ്ങളുടെ കുടുംബകാര്യങ്ങൾ. ഭാര്യയാണെന്നു വിചാരിച്ചു് ആ പാവപ്പെട്ട ജാനുവിനെ അത്യധികം കഷ്ടപ്പെടുത്താതിരിക്കണം. വരവിനനുസരിച്ചു ജീവിതരീതിയിൽ സംതൃപ്തനാകാൻനിങ്ങൾ പഠിച്ചേ മതിയാകൂ. സങ്കല്പവുംയാഥാർത്ഥ്യവും രണ്ടും രണ്ടാണു്. നിങ്ങൾ സങ്കല്പത്തിലും ജാനു യാഥാർത്ഥ്യത്തിലും ജീവിക്കുന്നു. സങ്കല്പമേഖലയിൽനിന്നു് ജാനുവിന്റെ യഥാർത്ഥലോകത്തിലേക്കു് ഇറങ്ങിച്ചെല്ലുക. അപ്പോൾഅവിടെ സമാധാനവും സംതൃപ്തിയും കണ്ടെത്താം."

രാജശേഖരന്റെ കണ്ണുകളിൽ ഇരുട്ടുവ്യാപിച്ചു. തല ചുററി വീഴാൻ തുടങ്ങിയ അയാളെ രമ താങ്ങി കാറിൽ

കിടത്തി. അവൾ ശേഖരൻെറ വക്ഷസ്ഥലത്തേക്കു് കാറോടിച്ചുപോയി.

ശേഖരനു ബോധം വീണു. കണ്ണുതുറന്നപ്പോൾ കണ്ടതു് കരഞ്ഞുകൊണ്ടു കാൽക്കലിരിക്കുന്ന ജാനുവിനെയാണു്. അയാൾക്കു വിശ്വാസം വന്നില്ല. കണ്ണുതിരുമ്മി ഒന്നുകൂടെ നോക്കി: ട്രയിനില്ല; പ്ലാറ്റുഫാറമില്ല; രമയില്ല—ഒന്നുമില്ല.

താഴെട്ടത്തെറിഞ്ഞ തലയിണയിൽത്തന്നെ തല വച്ചിരിക്കുന്നു. കാരവും സോപ്പും കൂടാതെ അതിൻെറ ഉറ നനച്ചുണങ്ങിയിട്ടുണ്ടെന്നു മാത്രം.

“ജാനു, ചോറുണ്ടോ? വിശന്നു ചാകാൻ തുടങ്ങുന്നു!”—ഭർത്താവിൻെറ സുഖക്കേടു മാറിക്കിട്ടിയ ജാനു ആഹ്ലാദത്തോടുകൂടി അടുക്കളയിലേക്കു പോയി. അവൾ രമയെ മനസാ അഭിനന്ദിച്ചു.

★

DISTRIBU..IN LIBRARY
No.........
KOTTAYAM.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF6 Acc. No. 81566

This book should be returned on or before the date last stamped below.

19 MAR 1986

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

~~MF6~~ MF9 81566

പൊന്നമ്മ. ടി. എസ്

സങ്കല്പമേഖല

## സങ്കല്പമേഖല

ഗായകൻ, നൂററിപ്പത്തു വെള്ളിയുടെ വലിപ്പം, പ്രേമവിവാഹം, ഭാഗ്യവാൻെറ കല്ലറ, സങ്കല്പമേഖല എന്നിങ്ങനെ അഞ്ചു ചെറുകഥകളാണ് ഇതിലെ ഉള്ളടക്കം. തൻെറയും തൻെറ കുടുംബത്തിൻെറയും ജീവിതയാഥാർത്ഥ്യങ്ങളെ അവജ്ഞയോടെ വീക്ഷിച്ചുകൊണ്ട് സങ്കല്പമേഖലയിലുള്ള ഒരു ജീവിതാനന്ദത്തെക്കുറിച്ചു സ്വപ്നംകാണുന്ന ഒരു ഇടത്തരക്കാരൻ യാഥാർത്ഥ്യത്തിലേക്കുതന്നെ തിരിച്ചുവരുന്നു—അതാണ് ഈ പുസ്തകത്തിനു പേരു നൽകിയിരിക്കുന്ന കഥയിലെ ഇതിവൃത്തം. വ്രണപ്പെട്ട സൗഹൃദത്തിൻെറ വേദനയും വെറും പൊങ്ങച്ചത്തെപ്പററിയുള്ള പരിഹാസവും ഇടകലർന്ന കഥയാണ്, 'നൂററിപ്പത്തു വെള്ളിയുടെ വലിപ്പം.' ദിവ്യപ്രേമത്തിൻെറ ഉദ്ബോധനം യാഥാർത്ഥ്യവുമായി നേരിട്ടുമ്പോൾ പലപ്പോഴും അർത്ഥശൂന്യമായി മാറുമെന്നു കാണിക്കുകയാണ് 'പ്രേമവിവാഹം' എന്ന കഥയിൽ. ആനന്ദനിർവൃതിയരുളുന്ന ഗാനത്തിൻെറ മേഖലയിൽ പരസ്പരം കണ്ടെത്തിയ രണ്ടു സുഹൃത്തുക്കളുടെ കഥയാണ് 'ഗായകൻ.' 'ഭാഗ്യവാൻെറ കല്ലറ' ഒരു ദുരന്തകഥയാണ്.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ